# യേശുവും മര്‍യമും ബൈബിളിലും ഖുര്‍ആനിലും

ഇ.സി. സൈമണ്‍ മാസ്റ്റര്‍

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂര്‍

# പ്രസാധകക്കുറിപ്പ്

**ഖു**ർആൻ പേരെടുത്തു പറഞ്ഞ ഏക സ്ത്രീ യേശുവിന്റെ മാതാവ് മർയമാണ്. മുപ്പത്തിനാല് തവണ അവരുടെ പേര് ഖുർആനിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ഖുർആനിലെ നൂറ്റിപ്പതിനാല് അധ്യായങ്ങളിലൊന്നിന്റെ പേര് മർയം എന്നാണ്. സർവോപരി ലോകമെങ്ങുമുള്ള എക്കാലത്തെയും വിശ്വാസികൾക്കും വിശ്വാസിനികൾക്കും മഹിത മാതൃകയായി പരാമർശിക്കപ്പെട്ട രണ്ടു സ്ത്രീകളിലൊന്ന് അവരാണ്. ഖുർആൻ പരിചയപ്പെടുത്തുന്ന ഈ മർയമും ബൈബിൾ പരിചയപ്പെടുത്തുന്ന യേശുവിന്റെ മാതാവും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം? ഏതാണ് ശരി?

ഖുർആൻ പരിചയപ്പെടുത്തുന്ന യേശു ദൈവത്തിന്റെ ദാസനും ദൂതനുമാണ്. ബൈബിൾ സമർപ്പിക്കുന്ന യേശുവോ? രണ്ടും തമ്മിൽ എവിടെയൊക്കെ യോജിക്കുന്നു? എന്തിലെല്ലാം വിയോജിക്കുന്നു? സൂക്ഷ്മമായ പഠനത്തിലൂടെയും അന്വേഷണത്തിലൂടെയും വിയോജിപ്പ് ഇല്ലാതാക്കാനാവുമോ? ഇത്തരം മൗലിക പ്രധാനങ്ങളായ ചോദ്യങ്ങൾക്ക് പ്രമാണ യുക്തമായും ലളിതമായും മറുപടി നൽകുന്ന ലഘു കൃതിയാണിത്.

ദൈവത്താൽ പരിചയപ്പെടുത്തപ്പെട്ട മർയമിന്റെയും യേശുവിന്റെയും ചേതോഹരമായ ചിത്രം മനസ്സിൽ രൂപപ്പെടാൻ ഈ കൃതി സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആകട്ടെയെന്ന് പ്രാർഥിക്കുന്നു.

## ഗ്രന്ഥകാരനെപ്പറ്റി

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിനടുത്ത കാര സ്വദേശിയാണ് ഇ.സി. സൈമൺ മാസ്റ്റർ. ഇംഗ്ലണ്ടിലെ പ്രസിദ്ധമായ അമ്പാസിഡർ കോളേജിലെ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ഉയർന്ന മാർക്കോടെ പൂർത്തിയാക്കി.

എടവിലങ്ങ് ഗവ. ഹൈസ്കൂളിൽ അധ്യാപകനായിരുന്നു. പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായി. റിട്ടയർ ചെയ്തശേഷം കാരയിലെ ഇലഞ്ഞിക്കൽ വീട്ടിൽ വിശ്രമജീവിതം നയിക്കുന്നു. ഭാര്യയും നാലു മക്കളുമുണ്ട്.

വിലാസം: ഇ.സി. സൈമൺ മാസ്റ്റർ
ഇലഞ്ഞിക്കൽ ഹൗസ്
പി.ഒ. കാര, എടവിലങ്ങ്
തൃശൂർ ജില്ല-680 671

# യേശുവും മർയമും ബൈബിളിലും ഖുർആനിലും

ക്രിസ്തുമതത്തിന് യഹൂദമതവുമായിട്ടെന്ന പോലെ ഇസ്‌ലാംമതവുമായും അടുത്ത ബന്ധമുണ്ട്. ഖുർആൻ വായിച്ചാൽ ഈ മൂന്ന് മതങ്ങളും ഒരേ മതത്തിന്റെ തുടർച്ചയാണെന്ന് ബോധ്യമാകും. ഇസ്‌ലാംമതം ഒരു വ്യക്തി സ്ഥാപിച്ചതല്ലെന്നും ലോകാരംഭം മുതലുള്ള മതത്തിന്റെ തുടർച്ചയാണെന്നും അവകാശപ്പെടുന്ന ഖുർആൻ ആദം മുതൽ എല്ലാ പ്രവാചകന്മാരെയും അംഗീകരിക്കുന്നതായി പ്രഖ്യാപിക്കുന്നു.

ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ള പ്രവാചകന്മാരിൽ പ്രമുഖരായ മിക്കവരെപ്പറ്റിയും ഖുർആനും പ്രതിപാദിക്കുന്നുണ്ട്. ബൈബിളിൽ പറയുന്ന പ്രധാന സംഭവങ്ങളിൽ പലതും ഖുർആനിലും കാണാം. ബൈബിളിൽ ഓരോ സംഭവവും ചരിത്രവസ്തുതയെന്ന നിലയിൽ വിവരിക്കുമ്പോൾ, സംഭവങ്ങളെ അതിന്റെ ആത്മീയ വശത്തിൽക്കൂടി ചിത്രീകരിക്കുന്നതാണ് ഖുർആനിലെ പ്രത്യേകത. സംഭവത്തിന്റെ ആത്മീയ പ്രാധാന്യത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വിശദീകരണങ്ങൾ അതിനെ ശ്രദ്ധേയമാക്കുന്നു.

അബ്രഹാം, ഇസ്മായേൽ, ഇസഹാഖ്, യാക്കോബ്, മകൻ ജോസഫ്, ദാവീദ്, സോളമൻ, യോനാ മുതലായ പ്രമുഖരെപ്പറ്റിയെല്ലാം ദീർഘമായോ ഹ്രസ്വമായോ ഖുർആനിൽ പ്രതിപാദിക്കുന്നുണ്ട്. ബൈബിളിലെ വിവരണമനുസരിച്ച് ലോത്ത്, ദാവീദ് മുതലായവരുടെ വ്യക്തിജീവിതത്തിൽ ഉണ്ടായിരുന്ന ഏറ്റവും ഹീനമായ സ്വഭാവദൂഷ്യങ്ങളെപ്പറ്റി ഖുർആനിൽ യാതൊരു പരാമർശവുമില്ല. അവർ ചെയ്ത സൽപ്രവൃത്തികൾ മാത്രമേ കാണുകയുള്ളൂ. ഏറ്റവും മാന്യവും അശ്ലീലച്ചുവയേശാത്ത അന്തസ്സുറ്റതുമാണ് ഖുർആനിലെ ഭാഷ. ബൈബിളിന്റെ കാര്യത്തിൽ അങ്ങനെ അവകാശപ്പെടാൻ കഴിയില്ലല്ലോ.

## മർയം ഖുർആനിൽ

ക്രിസ്ത്യാനികൾക്ക് ഏറെ താൽപര്യമുളവാക്കുന്നതാണ് ഖുർആനിൽ യേശുവിനെയും മർയത്തെയും കുറിച്ചുള്ള പരാമർശങ്ങൾ. മർയം എന്ന പേരിൽത്തന്നെയുള്ളതാണ് 19-ാം അധ്യായം. മൂന്നാം അധ്യായം മർയത്തിന്റെ പിതൃകുടുംബത്തിന്റെ പേരിലും. ഏറ്റവും നല്ല ഒരു സ്ത്രീ ആയിട്ടാണ് മർയത്തിന്റെ ചിത്രീകരണം.

മർയത്തിന്റെ ജനനത്തെയും മാതാപിതാക്കളെയും പറ്റി ഖുർആനിൽ കാണുന്ന വിവരണം ബൈബിളിൽ ഇല്ലാത്തതാണ്. മർയത്തിന്റെ അമ്മ ഗർഭിണിയായിരിക്കുമ്പോൾ തന്നെ കുട്ടിയെ ദൈവത്തിനു സമർപ്പിക്കുന്നു. ആൺകുട്ടി ആയിരിക്കുമെന്നായിരുന്നു പ്രതീക്ഷ. പക്ഷേ, പെണ്ണായിപ്പോയി. എങ്കിലും അമ്മ നിരാശപ്പെട്ടില്ല. ശിശുവിന് മർയം എന്നു പേരിട്ടു. പ്രതിജ്ഞയനുസരിച്ച് കുട്ടിയെ പള്ളിയിൽ ദൈവത്തിന് സമർപ്പിച്ചു. ദൈവത്തിന് അവളെ സ്വീകാര്യമായി. പുരോഹിതനും ബന്ധുവുമായ സക്കറിയാസ് പ്രവാചകന്റെ സംരക്ഷണയിലും ചുമതലയിലും പള്ളിയിലെ പ്രത്യേക മുറിയിൽ വളർന്നു; ആകൃതിയിലും പ്രകൃതിയിലും നല്ലവളായി. മർയത്തിന്റെ മുറിയിൽ ചെല്ലുന്ന സക്കറിയാസ് പലപ്പോഴും അവിടെ ഭക്ഷണസാധനങ്ങൾ കണ്ടു ചോദിക്കുന്നു: “ഇതെല്ലാം എവിടെ നിന്ന്?” മർയം പറയുന്നു: “ഇത് ദൈവത്തിങ്കൽ നിന്നാണ്. തനിക്കു സംപ്രീതരായവർക്ക് ദൈവം ഉദാരമായി നൽകുന്നു” (ഖുർആൻ 3:35-37).

കന്യകയായിരിക്കെ മർയം പുരുഷബന്ധമില്ലാതെ ദൈവശക്തിയാൽ ഗർഭം ധരിച്ച് പ്രസവിച്ച്, കുഞ്ഞുമായി ജനത്തിന്റെ മുമ്പിൽ ചെന്നപ്പോൾ പരിഹാസത്തിന്റെ കൂരമ്പെയ്ത സമൂഹത്തെ മർയം എങ്ങനെ അഭിമുഖീകരിച്ചു എന്ന് ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മർയത്തെ ശക്തിയായി ന്യായീകരിച്ചുകൊണ്ട് ഖുർആൻ ആ കഥ ഭംഗിയായി ഇങ്ങനെ വിവരിച്ചിരിക്കുന്നു:

“പ്രവാചകരേ, ഈ വേദത്തിൽ മർയമിന്റെ വൃത്താന്തം വിവരിച്ചുകൊള്ളുക. അവൾ സ്വജനങ്ങളിൽനിന്നകന്ന് കിഴക്കുവശത്ത് ഏകാന്തമായി കഴിഞ്ഞ സന്ദർഭം: അവൾ ഒരു വിരിയിട്ട് അവരിൽനിന്ന് മറഞ്ഞിരിക്കുകയായിരുന്നു. ഈ അവസരത്തിൽ നാം നമ്മുടെ റൂഹിനെ (മലക്കിനെ) അവരിലേക്കയച്ചു. മലക്ക് തികഞ്ഞ മനുഷ്യരൂപത്തിൽ അവൾക്കു പ്രത്യക്ഷമായി. മർയം പറഞ്ഞു: ‘ഞാൻ നിന്നിൽനിന്ന് കാരുണികനായ അല്ലാഹുവിൽ അഭയം തേടുന്നു; നീ ദൈവഭയമുള്ളവനാണെങ്കിൽ?’ മലക്ക് പറഞ്ഞു: ‘ഞാനോ നിന്റെ റബ്ബിന്റെ ദൂതനാകുന്നു. നിനക്കൊരു വിശുദ്ധ

നായ പുത്രനെ തരുന്നതിനുവേണ്ടി നിയുക്തനായവൻ.' മർയം പറഞ്ഞു: 'എനിക്കു പുത്രനുണ്ടാകുന്നതെങ്ങനെ? എന്നെ യാതൊരു പുരുഷനും തൊട്ടിട്ടേയില്ല. ഞാൻ ദുർന്നടത്തക്കാരിയുമല്ല.' മലക്കു പറഞ്ഞു: 'അപ്രകാരം സംഭവിക്കുക തന്നെ ചെയ്യും. നിന്റെ നാഥൻ പറയുന്നു: ആ വിധം പ്രവർത്തിക്കുക എനിക്കു വളരെ നിസ്സാരമായ കാര്യമാണ്. ആ കുഞ്ഞിനെ ജനങ്ങൾക്കൊരു ദൃഷ്ടാന്തവും നമ്മുടെ പക്കൽനിന്നുള്ള കാരുണ്യവും ആക്കേണ്ടതിനത്രെ നാം ഇങ്ങനെ ചെയ്യുന്നത്. അത് സംഭവിക്കുക തന്നെ ചെയ്യും." (19: 16-34)

## യേശുവിന്റെ ജനനം

അങ്ങനെ മർയം ആ കുഞ്ഞിനെ ഗർഭംധരിച്ചു. ഗർഭവുമായി അവൾ അകലെയുള്ള ഒരു സ്ഥലത്തു ചെന്നെത്തി. പിന്നെ പേറ്റുനോവ് അവളെ ഒരു ഈത്തപ്പനയുടെ ചുവട്ടിലെത്തിച്ചു. അവൾ കേണുകൊണ്ടിരുന്നു: "ഹാ! കഷ്ടം. ഇതിനുമുമ്പുതന്നെ ഞാൻ മരിക്കുകയും എന്റെ പേരും കുറിയും വിസ്മൃതമാവുകയും ചെയ്തിരുന്നെങ്കിൽ!" അപ്പോൾ താഴെനിന്ന് മലക്ക് അവളെ വിളിച്ചറിയിച്ചു: "വ്യസനിക്കാതിരിക്കുക. നിന്റെ റബ്ബ് നിനക്കു താഴെ ഒരു അരുവി പ്രവഹിപ്പിച്ചിരിക്കുന്നു. നീ ആ ഈത്തപ്പനയുടെ തടിയൊന്നു കുലുക്കിനോക്കുക. അത് നിനക്ക് പുതിയ ഈത്തപ്പഴം തുരുതുരാ വീഴ്ത്തിത്തരും. അതു തിന്നുകയും കുടിക്കുകയും കൺകുളിർക്കുകയും ചെയ്തുകൊള്ളുക. പിന്നെ വല്ല മനുഷ്യരെയും കാണുകയാണെങ്കിൽ അവരോടു പറഞ്ഞേക്കുക: 'ഞാൻ കാരുണികനായ ദൈവത്തിനുവേണ്ടി വ്രതം നേർന്നിരിക്കുകയാണ്. അതിനാൽ ഇന്ന് ആരോടും സംസാരിക്കുന്നതല്ല."

പിന്നെ ശിശുവിനെയുമെടുത്ത് അവൾ തന്റെ ജനത്തിലേക്ക് ചെന്നു. അവർ പറയാൻ തുടങ്ങി: "ഓ മർയം, നീ മഹാപാപം ചെയ്തുകളഞ്ഞല്ലോ! ഓ ഹാറൂന്റെ സോദരീ, നിന്റെ പിതാവ് ഒരു കെട്ട മനുഷ്യനായിരുന്നില്ല. മാതാവ് ദുർന്നടത്തക്കാരിയുമായിരുന്നില്ല." അപ്പോൾ മർയം ശിശുവിന്റെ നേരെ കൈ ചൂണ്ടി. ജനം ചോദിച്ചു: "തൊട്ടിലിൽ കിടക്കുന്ന ഒരു ശിശുവിനോട് ഞങ്ങൾ സംസാരിക്കുന്നതെങ്ങനെ?" ശിശു പറഞ്ഞു: "ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. എനിക്കവൻ വേദം നൽകുകയും എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു. ഞാൻ എവിടെയായിരിക്കുമ്പോഴും അവൻ എന്നെ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം നമസ്കാരവും സകാത്തുമനുഷ്ഠിക്കുവാൻ എന്നോട് അനുശാസിച്ചിരിക്കുന്നു. അവൻ എന്നെ സ്വമാതാവിനെ നന്നായി

പരിചരിക്കുന്നവനുമാക്കിയിരിക്കുന്നു. എന്നെ ദുർഭഗനായ ക്രൂരനാക്കിയിട്ടില്ല. എന്റെ ജനനനാളിലും മരണനാളിലും ഞാൻ ഉയിർത്തെഴുന്നേൽക്കപ്പെടുന്ന നാളിലും എനിക്ക് സമാധാനം" (19:16-34).

ദൈവത്തിന്റെ ശക്തിവിശേഷത്താൽ പ്രസവിച്ച കന്യകയെ ആക്ഷേപശരങ്ങളിൽനിന്നു രക്ഷിക്കേണ്ട ബാധ്യതയും ദൈവത്തിനുണ്ടായിരുന്നതുകൊണ്ടാണ് അത്ഭുതശക്തി പ്രയോഗിച്ച് ശിശുവിനെക്കൊണ്ട് സംസാരിപ്പിച്ച് അമ്മയുടെ സ്വഭാവശുദ്ധി ലോകസമക്ഷം വെളിപ്പെടുത്തിയത്. മാതാപിതാക്കൾ ചെറുപ്പത്തിൽത്തന്നെ ദൈവത്തിനു സമർപ്പിച്ചതിനാൽ സക്കറിയാസ് പ്രവാചകന്റെ മേൽനോട്ടത്തിലും സംരക്ഷണയിലും പള്ളിയിൽ പ്രത്യേകസ്ഥലത്ത് വളർന്ന കുലീന കുടുംബാംഗമായ മറിയം വിവാഹത്തിനുമുമ്പ് മാതാവാകുന്നത് സമൂഹത്തിൽ വളരെ വേഗം സംസാരവിഷയമാവുകയും പല പ്രത്യാഘാതങ്ങൾക്കും കാരണമാവുകയും ചെയ്യുമായിരുന്നു. ദൈവം ഇടപെട്ട് ശിശുവിനെക്കൊണ്ട് സംസാരിപ്പിച്ചതോടെ അതും ഒഴിവായി.

## യേശുവിന്റെ ജനനം ബൈബിളിൽ

യേശുവിന്റെ ജനനത്തെയും മറിയത്തിന്റെ പ്രസവത്തെയും പറ്റിയുള്ള ബൈബിളിലെ വിവരണം ഈ ഖുർആൻ കഥയുമായി തട്ടിച്ചുനോക്കുന്നത് വിജ്ഞാനപ്രദവും രസകരവുമായിരിക്കും.

നാല് സുവിശേഷകാരന്മാരിൽ രണ്ടുപേർ മാത്രമേ യേശുവിന്റെ ജനനത്തെപ്പറ്റി പ്രതിപാദിക്കുന്നുള്ളൂ- മത്തായിയും ലൂക്കായും. ബൈബിളിന്റെ അടിസ്ഥാനത്തിൽ എവിടെയായിരുന്നു യേശുവിന്റെ ജനനം? കൃത്യമായി സുവിശേഷത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ലെന്നുള്ളതാണ് വാസ്തവം; ക്രിസ്ത്യാനികൾ വിശ്വസിച്ചാലും ഇല്ലെങ്കിലും. സത്രത്തിൽ മുറിയില്ലാതിരുന്നതുകൊണ്ട് കുഞ്ഞിനെ പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി എന്നു മാത്രമേ ലൂക്കാ 2:7-ൽ പറയുന്നുള്ളൂ. ഹെറോദ് രാജാവിന്റെ കാലത്ത് യൂദയായിലെ ബത്‌ലഹേമിൽ ജനിച്ചതു മുതലുള്ള കാര്യങ്ങളാണ് മത്തായിയുടെ സുവിശേഷത്തിൽ. ബത്‌ലഹേമിൽ എവിടെ ജനിച്ചെന്ന് പ്രസ്താവിച്ചിട്ടില്ല (മത്തായി 1:18-24, 2:1-12).

പ്രസവം മറ്റെവിടെയെങ്കിലും നടന്നതിനുശേഷമായിരിക്കും പുൽത്തൊട്ടിയിൽ കിടത്തിയത്. പുൽത്തൊട്ടിയിൽ പ്രസവിച്ചു എന്നു പറയാതെ കുട്ടിയെ കിടത്തി എന്നു മാത്രം പറഞ്ഞത് അതുകൊണ്ടായിരിക്കണം. ഒരു സ്ത്രീക്ക് പ്രസവിക്കാനുള്ള സൗകര്യം ഇടുങ്ങിയ പുൽത്തൊട്ടിയിൽ ഉണ്ടാവില്ലല്ലോ. അവിടെയാണ് ഖുർആൻ വാക്യം പ്രസക്തമാകുന്നത്, ഈത്ത

പ്പനച്ചോട്ടിൽ പ്രസവിച്ചെന്ന്. യേശു കാലിത്തൊഴുത്തിൽ ജനിച്ചെന്ന ക്രൈസ്തവവിശ്വാസത്തിന് അപ്പോൾ എന്താണടിസ്ഥാനം? ബൈബിൾ വാക്യങ്ങളല്ല തന്നെ.

കത്തോലിക്കാമതം അത്യന്തം പ്രാധാന്യം കൊടുക്കുന്ന യേശുവിന്റെ അമ്മ മർയത്തെപ്പറ്റി ബൈബിളിൽ വളരെ ചുരുങ്ങിയ വിവരങ്ങളേ രേഖപ്പെടുത്തിയിട്ടുള്ളൂ. മർയം ഉച്ചരിച്ച ഒരു വാക്കുപോലും മാർക്കോസിന്റെ സുവിശേഷത്തിലില്ല. യേശുവിനെ കാണാൻ അമ്മ വന്നിരിക്കുന്നതായി ചിലർ പറഞ്ഞപ്പോൾ അതിൽ വലിയ താൽപര്യം കാണിക്കാത്ത മട്ടിൽ യേശു പറയുന്ന മറുപടി മാത്രമേ ആ സുവിശേഷത്തിൽ കാണാൻ കഴിയൂ (മാർക്കോസ് 3: 31-35). യേശുവും അമ്മയും തമ്മിൽ രണ്ടേ രണ്ട് അവസരങ്ങളിലേ നേരിട്ട് സംസാരിക്കുന്നതായി സുവിശേഷങ്ങളിൽ കാണുന്നുള്ളൂ. അവയാവട്ടെ വളരെ ഹ്രസ്വവും.

യേശുവിന് പന്ത്രണ്ട് വയസ്സുള്ളപ്പോൾ അമ്മയും മറ്റുമൊന്നിച്ച് ജറൂസലേം ദേവാലയത്തിൽ പെസഹാപെരുന്നാളിനു പോകുന്നു. ആഘോഷം കഴിഞ്ഞ് മടങ്ങുന്നു. കൂട്ടത്തിൽ യേശുവില്ലാത്ത വിവരം ഒരു ദിവസത്തെ വഴി പിന്നിട്ടുകഴിഞ്ഞപ്പോഴാണ് അമ്മ അറിയുന്നത്. ഉടനെ മകനെ അന്വേഷിച്ച് ജറൂസലേമിലേക്ക് മടങ്ങുന്നു. മൂന്നാം ദിവസം ജറൂസലേം പള്ളിയിൽ മകൻ യഹൂദഗുരുക്കന്മാരുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കുന്നതായി കാണുന്നു. അപ്പോൾ അമ്മ ചോദിക്കുന്നു: "മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിന്നെ അന്വേഷിച്ച് ഞങ്ങൾ എത്ര വിഷമിച്ചു?" മകൻ പറയുന്നു: "നിങ്ങൾ എന്നെ അന്വേഷിക്കുന്നതെന്തിന്? ഞാൻ ഇവിടെ ആയിരിക്കേണ്ടതാണെന്ന് നിങ്ങൾക്കറിയില്ലേ?" (ലൂക്കാ 2:42-49).

പിന്നീടൊരിക്കൽ യേശുവും അമ്മയും പങ്കെടുക്കുന്ന ഒരു കല്യാണത്തിൽ വീഞ്ഞ് തീർന്ന വിവരം അമ്മ മകനോട് പറയുന്നു. പറഞ്ഞത് മകന് അത്ര ഇഷ്ടപ്പെട്ടില്ലെങ്കിലും വെള്ളം വീഞ്ഞാക്കി യേശു അത്ഭുതം പ്രകടിപ്പിക്കുന്നു (യോഹ 2:1-10).

## ദൈവമാതാവോ?

മർയത്തെ ദൈവമാതാവ് എന്നാണ് ഇന്ന് കത്തോലിക്കാ സഭ വിശേഷിപ്പിക്കുന്നതും പഠിപ്പിക്കുന്നതും. പാവം മർയം അത് അംഗീകരിക്കുമോ? അത്തരം ദൈവദോഷത്തെപ്പറ്റി ചിന്തിക്കുക പോലും ചെയ്യുമോ? യേശുവിനെ ഗർഭംധരിച്ച് പ്രസവിക്കുമെന്നുള്ള മംഗളവാർത്ത അറിയിച്ച മാലാഖയോട് മർയം പറഞ്ഞത് 'ഇതാ ദൈവത്തിന്റെ ദാസി' എന്നാണ് (ലൂക്കാ 1:38). ആഹ്ലാദത്തിമിർപ്പിൽ മർയം പാടിയ സ്തുതിഗീതത്തിലും ആവർത്തി

ച്ചാലപിച്ചത് ദൈവത്തിന്റെ ദാസി, ദാസി എന്നു തന്നെയാണ് (ലൂക്കാ 1:46-55). പിന്നെങ്ങനെ ദൈവത്തിന്റെ ദാസി ദൈവത്തിന്റെ മാതാവായി മാറി? അങ്ങനെയൊരു മാറ്റത്തിന്റെ യാതൊരു സൂചനയും ബൈബിളി ലില്ല. അങ്ങനെയൊരു മാറ്റം കൽപിച്ചനുവദിച്ചുകൊടുക്കാൻ അധികാരമു ള്ളവരാരും ഭൂമിയിൽ ജനിച്ചിട്ടുമില്ല. ദൈവമാതാവെന്ന് സ്ഥാപിക്കുന്നതി നുവേണ്ടി മറിയത്തെ വാനോളം പുകഴ്ത്തുന്ന ചില കത്തോലിക്കാ പുരോ ഹിതന്മാരുടെ പള്ളിപ്രസംഗങ്ങൾ കേട്ടാൽ, മർയം സ്വന്തം ഇഷ്ടപ്രകാരം അസാമാന്യ കഴിവുകളുള്ള യേശു എന്ന ഒരത്ഭുത പ്രതിഭാസത്തെ പ്രസ വിച്ചു ലോകത്തിന് സംഭാവന ചെയ്തു എന്നാണ് തോന്നുക. യേശുവിനെ മർയം തെരഞ്ഞെടുക്കുകയല്ല. മറിച്ച്, യേശുവിന് ജന്മംനൽകാൻ ദൈവം മർയത്തെ തെരഞ്ഞെടുക്കുകയായിരുന്നു എന്ന വാസ്തവം അവർ സൗക ര്യപൂർവം മറക്കുന്നു.

മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന് ഒരമ്മയെ സൃഷ്ടിച്ചുകൊടുത്ത കത്തോലിക്കാ സഭയുടെ ഭാവനയും ഭാവനാശൂന്യതയും അപാരം! ഒന്നായ ദൈവത്തെ മൂന്നാക്കി മാറ്റിയ സഭ നാളെ മർയത്തെ നാലാമത്തെ ദൈവ മാക്കിയാലും അത്ഭുതപ്പെടാനില്ല. ആ ദുരന്തവും സംഭവിച്ചേക്കുമെന്ന് ഖുർ ആൻ സൂചന നൽകുന്നു (5:116). ആ നിലക്കാണ് കാര്യങ്ങളുടെ പോക്ക്. കന്യകാ മാതാവായ മർയം ഉടലോടെ സ്വർഗത്തിലേക്കു കയറിപ്പോയി എന്ന് സഭ പ്രഖ്യാപിച്ചത് ഈ അടുത്ത കാലത്തുമാത്രമാണ്.

മർയം ദൈവത്തോടു പ്രാർഥിക്കുകയും ചെയ്തുകിട്ടിയ ഉപകാര ങ്ങൾക്കും അനുഗ്രഹങ്ങൾക്കും ദൈവത്തോടു നന്ദിപറയുകയും ചെയ്യു ന്നതല്ലാതെ മർയത്തോടു പ്രാർഥിക്കണമെന്നോ പ്രാർഥന നിറവേറ്റി ക്കൊടുക്കുന്നതിനുള്ള എന്തെങ്കിലും കഴിവ് മർയത്തിനുണ്ടെന്നോ ബൈബി ളിൽ യാതൊരു സ്ഥലത്തും പ്രസ്താവിച്ചിട്ടില്ല. ആദ്യകാല ക്രിസ്ത്യാനി കളാരെങ്കിലും എന്തെങ്കിലും കാര്യസാധ്യത്തിനായി മർയത്തോട് പ്രാർഥിച്ച ഉദാഹരണവും സുവിശേഷത്തിലില്ല.

ക്രിസ്തുവർഷം 431-ൽ എഫേസൂസ് കൗൺസിലാണ് മർയത്തെ ദൈവമാതാവായി അംഗീകരിച്ചത്. അന്ധവിശ്വാസങ്ങളുടെ കേന്ദ്രമായ ഈ പട്ടണത്തിൽ വെച്ചാണ് അപ്പോസ്തലനായ പൗലോസ് വിഗ്രഹങ്ങൾക്കെ തിരായി പ്രസംഗിച്ചപ്പോൾ പ്രതിമാനിർമാതാവായ ഡെമട്രിയൂസ് എന്ന തട്ടാന്റെ നേതൃത്വത്തിൽ ആർത്തെമിഷ്ദേവിയുടെ പേരിൽ പൗലോസി നെതിരായി ലഹള സംഘടിപ്പിച്ചതും അദ്ദേഹത്തെ ഓടിച്ചതും (അപ്പോ സ്തല പ്രവൃത്തികൾ 19:23-41).

യേശുവിനെ പ്രസവിച്ചതുകൊണ്ട് കത്തോലിക്കാസഭ മർയത്തെ 'ദൈവത്തിന്റെ അമ്മ' എന്ന മഹാ പദവിയിലേക്കുയർത്തി. എന്നാൽ അതിന് യേശുവിന്റെ അംഗീകാരമുണ്ടോ? ഇല്ലെന്ന് സ്പഷ്ടം. ഒരിക്കൽ യേശുവിന്റെ പ്രസംഗം കേട്ട് ജനക്കൂട്ടത്തിൽനിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ അവനോട് പറഞ്ഞു: "നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ സ്തനങ്ങളും ഭാഗ്യമുള്ളവ." എന്നാൽ യേശു പറഞ്ഞു: "ദൈവവചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ" (ലൂക്കാ 11:27-28).

## യേശു എന്ന മനുഷ്യപുത്രൻ

ഭൂമിയിലുണ്ടായിരുന്നകാലം മുഴുവൻ വിവാദപുരുഷനായിരുന്ന യേശു ഇന്നും വിവാദപുരുഷൻ തന്നെ. യേശു ദൈവമോ ദൈവപുത്രനോ മനുഷ്യനോ? ഇക്കാര്യത്തിൽ ഒരു വിവാദത്തിൽ ഏർപ്പെടാൻ യേശു ആഗ്രഹിച്ചിരുന്നതായി സുവിശേഷങ്ങളിൽ കാണുന്നില്ല. എല്ലാ സ്ഥലത്തും അദ്ദേഹം തന്നത്താൻ വിശേഷിപ്പിച്ചിരുന്നത് മനുഷ്യപുത്രൻ എന്നാണ്. ഒരുപക്ഷേ, പിന്നീടൊരിക്കലും ദൈവപുത്രൻ എന്ന വിശേഷണം വരാതിരിക്കാനാവാം മനുഷ്യപുത്രൻ, മനുഷ്യപുത്രൻ എന്ന് ആവർത്തിച്ചിരുന്നത്. 'ആകാശത്തിലെ പക്ഷികൾക്ക് കൂടും കുറുനരികൾക്ക് മാളങ്ങളുമുള്ള ഈ ഭൂമിയിൽ തല ചായ്ക്കാൻ സ്വന്തമായി ഒരിടമില്ലാതിരുന്ന' യേശു എന്ന ആ 'മനുഷ്യപുത്രൻ' നമ്മെപ്പോലെ മജ്ജയും മാംസവും വിശപ്പും ദാഹവും വിചാരവും വികാരവുമുള്ള മനുഷ്യനായിരുന്നു എന്ന് ബൈബിളിൽ എത്രയോ സ്ഥലത്ത് പ്രസ്താവിച്ചിരിക്കുന്നു.

യഹൂദപ്രമാണിമാരിൽനിന്ന് തനിക്ക് സംഭവിച്ചേക്കാവുന്ന ഭീകരദുരന്തം മുൻകൂട്ടി മനസ്സിലാക്കിയ യേശു അവസാനത്തെ അത്താഴത്തിനു ശേഷം ഒലീവ് മലയിൽ ഗത്സമേൻ എന്ന സ്ഥലത്ത് നിലത്ത് കമിഴ്ന്നു വീണ് വരാനുള്ള യാതന ഒഴിവാക്കിത്തരണമേ എന്ന് അത്യന്തം തീക്ഷ്ണമായി വേദനയോടെ ദൈവത്തോട് പ്രാർഥിക്കുന്നു. ഒരിക്കലല്ല, മൂന്നു പ്രാവശ്യം. ആ പ്രാർഥനാ സമയത്ത് വിയർപ്പ് രക്തത്തുള്ളികൾ പോലെ നിലത്തുവീണതായി ലൂക്കാ പ്രത്യേകമായി രേഖപ്പെടുത്തുന്നു (ലൂക്കാ 22: 39-44, മത്തായി 26: 36- 44). മറ്റൊരിക്കലും ഇത്ര തീക്ഷ്ണമായി യേശു പ്രാർഥിച്ചതായി ബൈബിൾ രേഖപ്പെടുത്തിയിട്ടില്ല. ഉള്ളിന്റെ ഉള്ളിൽനിന്ന് തന്റെ സർവശക്തിയും പൂർണ ഹൃദയവുമുപയോഗിച്ച് യേശു സമർപ്പിച്ച ആ പ്രാർഥന ദൈവം സ്വീകരിക്കാതിരിക്കുമോ? മറ്റുള്ളവർക്കുവേണ്ടി പ്രാർഥിച്ച എല്ലാ പ്രാർഥനകളും സ്വീകരിച്ച് അനവധി അത്ഭുതങ്ങൾ ചെയ്യാൻ യേശുവിനെ പ്രാപ്തനാക്കിയ ദൈവം സർവപ്രധാനമായ ഈ

പ്രാർഥന മാത്രം സ്വീകരിക്കാതിരിക്കാൻ ന്യായം കാണുന്നില്ല. ദൈവത്തിന് സ്വീകാര്യമല്ലാത്ത ഒരു കാര്യത്തിനുവേണ്ടി യേശു അപേക്ഷിക്കുമെന്നും വിശ്വസിക്കാൻ വയ്യ. അങ്ങനെ അപേക്ഷിച്ച ഏതെങ്കിലും സംഭവം രേഖപ്പെടുത്തപ്പെട്ടതായി ഇല്ല.

## ക്രൂശിക്കപ്പെട്ടതാര്?

മരണത്തിനു വിധിക്കപ്പെട്ട് കുരിശും വഹിച്ച് പിലാത്തോസിന്റെ കൊട്ടാര വളപ്പിൽനിന്ന് പുറത്തിറങ്ങിയ ഉടനെ തന്നെ പട്ടാളക്കാർ കുരിശ് യേശുവിന്റെ തോളിൽനിന്നെടുത്ത് ആ വഴി വന്ന ലിബിയയിലെ സൈറീൻകാരനായ ശീമോൻ എന്നൊരാളുടെ തോളിൽ നിർബന്ധമായി വെച്ചുകൊടുക്കുന്നു. പിന്നീട് കുരിശു ചുമന്നത് അയാളാണെന്നാണ് ബൈബിൾ വിവരണം (മത്തായി 27:32, മാർക്കോസ് 15:21, ലൂക്കാ: 23: 26). ഒരുപക്ഷേ, യേശുവിന്റെ പ്രാർഥനക്കുണ്ടായ ദൈവത്തിന്റെ പ്രതികരണം ആരംഭിക്കുന്നത് അവിടം മുതലായിരിക്കാം. കുരിശ് ശീമോന്റെ തോളിലേക്ക് മാറ്റിയപ്പോൾ യഥാർഥത്തിൽ കുരിശുമരണം തന്നെ ആവാം മാറ്റപ്പെട്ടത്. കുരിശുചുമന്ന് ഗാഗുൽത്തായിലേക്കു പോയ ശീമോൻ കുരിശിൽ തറക്കപ്പെട്ട് മരണംവരിച്ചിരിക്കാം. യേശുവിനെപ്പോലെ പ്രസിദ്ധനും ജനസാമാന്യത്തിനു പ്രിയങ്കരനുമായ ഒരാളെ മരണശിക്ഷക്കു വിധേയനാക്കുന്ന വിവരമറിയിക്കുമ്പോൾ ജനങ്ങളുണ്ടാക്കുന്ന ബഹളത്തിനും കോലാഹലത്തിനുമിടയിൽ കുരിശിൽ തറക്കപ്പെട്ടത് എന്തുകൊണ്ട് ശീമോൻ തന്നെ ആയിക്കൂടാ? അത്തരം ഒരു ആൾമാറാട്ടം ദൈവം തന്നെ നടത്തിക്കൊടുത്തതും ആവാം. പണ്ട് ബലിയർപ്പണത്തിന് അബ്രഹാമിന്റെ മകനു പകരം ദൈവം ആടിനെ ഏർപ്പെടുത്തിക്കൊടുത്തില്ലേ?

യേശുവിന് പകരം കുരിശിൽ തറക്കപ്പെട്ടത് സദൃശനായ മറ്റൊരാളായിരുന്നു എന്നുള്ള ഖുർആനിലെ (4:157) അസന്ദിഗ്ധമായ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ ചിന്താഗതി പ്രബലമായിരിക്കാൻ ന്യായമില്ലേ? മാത്രമല്ല, ശത്രുക്കളുടെ പ്രവർത്തനത്തെപ്പറ്റി ഖുർആൻ ഇങ്ങനെയും പറയുന്നു: “യേശുവിനെതിരായി അവിശ്വാസികൾ ഗൂഢാലോചന നടത്തുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. എന്നാൽ ദൈവം അതിനെതിരായും ആസൂത്രണം നടത്തി. ഏറ്റവും നല്ല ആസൂത്രകൻ ദൈവം തന്നെ” (3:54).

കുരിശുമരണം വിവരിച്ച സുവിശേഷകാരനും ശിഷ്യനുമായ യോഹന്നാൻ തന്റെ പ്രസ്താവന സത്യമാണെന്നു സാക്ഷ്യപ്പെടുത്തുന്നു (യോഹ 19:35). മറ്റൊരു സുവിശേഷകർത്താവായ ലൂക്കാ തന്റെ ഗ്രന്ഥം ആരംഭി

ക്കുന്നതുതന്നെ സത്യസന്ധമായ ഒരു വിവരണമാണ് തരുന്നത് എന്ന പ്രസ്താവനയോടെയാണ് (ലൂക്കാ 1:4). എന്നാൽ മത്തായിയും മാർക്കോസും അത്തരം സത്യപ്രസ്താവനകൾ നടത്തിയിട്ടില്ല.

ഖുർആനാവട്ടെ, ആകെയുള്ള 114 അധ്യായങ്ങളിൽ ഒന്നൊഴികെ എല്ലാം ആരംഭിക്കുന്നത് പരമ കാരുണികനും ദയാനിധിയുമായ ദൈവത്തിന്റെ നാമത്തിലാണ്. ഏതെങ്കിലും ഗ്രന്ഥകർത്താവിന്റെ പേരിലല്ലാത്തതാണ് മനുഷ്യനിർമിതമല്ലെന്ന് അവകാശപ്പെടുന്ന ഖുർആൻ. പ്രവാചകനായ മുഹമ്മദിന് ഗബ്രിയേൽ മാലാഖ പലപ്പോഴായി നേരിട്ട് അറിയിച്ചുകൊടുത്ത ദൈവത്തിൽ നിന്നുള്ള സന്ദേശമാണ് ഖുർആൻ എന്ന് അതിൽ പല ഭാഗങ്ങളിലും ആവർത്തിച്ചുള്ള സത്യപ്രസ്താവനകൾ കാണാം. ഇതിനുമുമ്പുള്ള വേദങ്ങളിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകളും പോരായ്മകളും പരിഹരിച്ച് കലർപ്പില്ലാത്ത സത്യം സർവ ജനങ്ങളെയും അറിയിക്കുകയാണ് ഉദ്ദേശ്യമെന്നും പ്രസ്താവിക്കുന്നുണ്ട്. ഇന്നുവരെ യാതൊരുവിധ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ ഇല്ലാതെ അതിന്റേതായ തനിമ പൂർണമായി നിലനിർത്തിപ്പോരുന്നതും യാതൊരുവിധ ഭേദഗതികൾക്കും മേലിലും സാധ്യതയില്ലാത്തവിധം ഭദ്രമായി സംരക്ഷിച്ചുപോരുന്നതുമായ മറ്റൊരു മതഗ്രന്ഥം ഭൂമിയിലുണ്ടോ എന്നു സംശയമാണ്.

യേശു കുരിശിൽ കിടന്ന് "ഏലി ഏലി ലമ സബക്ഥാനി" അതായത് "എന്റെ ദൈവമേ എന്റെ ദൈവമേ എന്നെ കൈവിട്ടതെന്ത്" എന്നു വിലപിച്ചതായി സുവിശേഷത്തിൽ നാം വായിക്കുന്നു. മരിച്ചത് യേശു അല്ലെന്നുള്ളതിന്റെ നല്ലൊരു തെളിവുകൂടിയാണ് അത്. കാരണം, ദൈവം യേശുവിനെ കൈവിടുകയില്ലെന്നുള്ളതുതന്നെ. വഴിയേ പോയ വയ്യാവേലി തോളിൽ വീണ് പകരക്കാരനായ ശീമോൻ കുരിശിൽ കിടന്നുപിടഞ്ഞപ്പോൾ അങ്ങനെ വിലപിച്ചതായിക്കൂടെന്നുണ്ടോ? ശീമോൻ എന്നല്ല ആരും അത്തരം ഒരവസ്ഥയിൽ അങ്ങനെ വാവിട്ടു കരഞ്ഞുപോകും. പക്ഷേ, ശീമോൻ, ദൈവം നിന്നെ അങ്ങനെ കൈവിടുകയില്ല. യേശു പറയുന്നു: "എനിക്കുവേണ്ടി സ്വന്തം വീടോ ഭൂമിയോ മകനെയോ മകളെയോ ഭാര്യയെയോ പിതാവിനെയോ ഉപേക്ഷിക്കുന്നവന് വരാനുള്ള ലോകത്ത് അതിന്റെ നൂറിരട്ടിയായി ലഭിക്കുമെന്ന് സത്യം സത്യമായി ഞാൻ പറയുന്നു" (ലൂക്കാ 18: 29–30, മാർക്കോസ് 10:30). ഖുർആൻ പറയുന്നു: "ദൈവത്തിനുവേണ്ടി ഒരു നല്ല കടം കൊടുക്കുന്നവന് പരലോകത്തിൽ അതിന്റെ എത്രയോ ഇരട്ടി ലഭിക്കുന്നതാണ്" (2: 45, 57:11, 64:17, 73:20). തനിക്കു ജീവൻ നൽകിയ ദൈവത്തിന് തന്റെ സർവസ്വമായ സ്വന്തം ജീവൻ തന്നെ മറ്റൊരു മഹദ് ജീവനു പകരമായി ശീമോൻ മടക്കിക്കൊടുക്കുകയാണെ

ങ്കിൽ പരലോകത്ത് ദൈവം ശീമോനു കൊടുക്കുന്ന സമ്മാനം എത്ര വലു തായിരിക്കും!

## ക്രിസ്തുവിന്റെ ഉയിർപ്പും ഖുർആനും

യേശുവിനെ കുരിശിൽ തറച്ചിട്ടില്ലെന്നും മരിക്കുന്നതിനു മുമ്പ് ഉയർത്തപ്പെട്ടുവെന്നും ഖുർആൻ ഉറപ്പിച്ചു പ്രസ്താവിക്കുമ്പോൾ കുരി ശുമരണത്തെയും ഉയിർപ്പിനെയും പറ്റിയുള്ള ബൈബിളിലെ വിവരണ ങ്ങൾ സൂക്ഷ്മമായി ഒന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. കാരണം, ഗബ്രി യേൽ വഴി ദൈവം നേരിട്ട് മുഹമ്മദ് നബിയെ അറിയിച്ച കാര്യങ്ങൾ മാത്രം അടങ്ങിയ ഗ്രന്ഥമാണെന്ന് ഖുർആൻ ആവർത്തിച്ചാവർത്തിച്ച് ദൈവനാമത്തിൽ സത്യപ്രസ്താവന നടത്തുമ്പോൾ അതിലെ വാക്കു കൾ തീരെ അവഗണിക്കുന്നതും അവിശ്വസിക്കുന്നതും ദൈവവിശ്വാസി കൾക്ക് ഭൂഷണമല്ല.

പ്രമുഖ സുവിശേഷകാരനായ മത്തായി ക്രിസ്തുവിന്റെ ജനനം മുതൽ മരണം വരെയുള്ള സംഭവങ്ങൾ രേഖപ്പെടുത്താൻ 28 അധ്യായ ങ്ങളും 1070 വാക്യങ്ങളും ഉപയോഗിച്ചിട്ടുള്ളതിൽ പുനരുദ്ധാനത്തെപ്പറ്റി യുള്ള വിവരണം കേവലം ഇരുപത് വാചകങ്ങളിലൊതുക്കി. മാർക്കോ സിന്റെ സുവിശേഷത്തിൽ ഉയിർത്തെഴുന്നേൽപിനെപ്പറ്റി വ്യത്യസ്തരൂ പത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചിലതിൽ എട്ട് വാക്യങ്ങൾ മാത്രം. ചിലതിൽ ഒമ്പത്. വേറെ ചിലതിൽ ഇരുപത്. അതായത് പല പ്പോഴായി പലരുടെയും കൈക്കടത്തലുകളും കൂട്ടിച്ചേർക്കലുകളും ഉണ്ടാ യിട്ടുണ്ടെന്നർഥം. പുനരുദ്ധാനത്തെപ്പറ്റി ഏറ്റവും കൂടുതൽ വിവരിച്ചിട്ടു ള്ളത് യോഹന്നാൻ ആണ്. ആകെയുള്ള 21 അധ്യായങ്ങളിൽ 54 വാക്യ ങ്ങൾ. ദുരൂഹതയും അസ്പഷ്ടതയും നിറഞ്ഞതാണ് ഉയിർപ്പിനെപ്പറ്റി യുള്ള പല വിവരണങ്ങളും. പ്രസ്താവനകളിലെ പൊരുത്തക്കേടുകൾ അനവധി. പകൽവെളിച്ചത്തിൽ യേശു പ്രത്യക്ഷപ്പെടുന്ന ഒറ്റ സംഭവവും കാണുന്നില്ല. എല്ലാ വിവരണങ്ങളും ഒന്നുകിൽ സന്ധ്യാസമയത്തോ പുലർച്ചക്ക് മുമ്പോ അടഞ്ഞുകിടക്കുന്ന മുറിയിലോ ആണ്. ദിവസങ്ങൾ പലതുകഴിഞ്ഞിട്ടും സംഭവത്തിൽ പല ശിഷ്യന്മാരും സംശയിച്ചിരുന്ന തായി കാണാം.

മരിച്ച് ശവസംസ്കാരത്തിനുശേഷം കല്ലറയിൽനിന്ന് ഉയിർത്തെഴു ന്നേറ്റ ക്രിസ്തു മൂന്നു പ്രാവശ്യം ശിഷ്യന്മാർക്കു കാണപ്പെട്ടതായാണ് യോഹന്നാൻ വിവരിച്ചിരിക്കുന്നത് (യോഹ 2:14). അതിൽ ആദ്യത്തെ പ്രാവശ്യം വൈകുന്നേരം വൈകി ശിഷ്യന്മാർ വാതിലടച്ചിരിക്കുമ്പോൾ

യേശു വന്ന് അവർക്കിടയിൽ നിൽക്കുന്നു. കുരിശിൽ മരിച്ച് കല്ലറയിൽ സംസ്കരിച്ച അതേ യേശു തന്നെയാണ് ഈ നിൽക്കുന്നത് എന്ന തെളിവിനായി അദ്ദേഹം കൈകളിലെയും പാർശ്വഭാഗത്തെയും മുറിവുകൾ അവർക്കു കാണിച്ചുകൊടുക്കുന്നു (യോഹ 20: 19-20). ഇവിടെ ഒരു സംശയം: മരണത്തിൽ നഷ്ടപ്പെട്ട ജീവൻ തിരിച്ചുകിട്ടിയിട്ടും ശരീരത്തിലെ മുറിവുകൾ ഉണങ്ങാത്തതെന്തേ? ജീവൻ തിരിച്ചുകിട്ടുന്നതിലും പ്രയാസമാണോ മുറിവ് ഉണങ്ങാൻ? മരിച്ച് മൃതദേഹം സംസ്കരിച്ചശേഷം തന്റെ ഏറ്റവും അടുത്ത ശിഷ്യന്മാരുടെ മുമ്പിൽ ജീവനോടെ നിവർന്നുനിൽക്കുമ്പോൾ തെളിവിനായി നിസ്സാരമായ മുറിവുകൾ ഉയർത്തിക്കാണിക്കേണ്ട ആവശ്യമുണ്ടോ? മുറിവുകളേക്കാൾ വലുതല്ലേ ജീവൻ? മുറിവാണോ ജീവന്റെ ലക്ഷണം? മരണസമയത്തെ അതേ രൂപത്തിൽ തന്നെ യാതൊരു മാറ്റവുമില്ലാതെ ഉയിർത്തെഴുന്നേറ്റു എന്നു തെളിയിക്കാനാണ് മുറിവുകൾ കാണിച്ചതെങ്കിൽ അത് തികച്ചും അനാവശ്യമായിരുന്നു. യേശുവിന്റെ മുഖവും ഛായയും ശബ്ദവും അവർ അത്ര പെട്ടെന്ന് മറന്നുപോയിരിക്കുമോ? അഥവാ മുഖഛായ മാറുകയും മുറിവ് മാത്രം മാറാതിരിക്കുകയും ചെയ്തുവെന്നാണോ?

ആദ്യത്തെ പ്രാവശ്യം യേശു വന്നപ്പോൾ ശിഷ്യനായ തോമസ് ഉണ്ടായിരുന്നില്ല. സംഭവത്തെപ്പറ്റി മറ്റു ശിഷ്യന്മാർ പറഞ്ഞത് തോമസ് വിശ്വസിച്ചതുമില്ല. ഒരാഴ്ചക്കുശേഷം വീണ്ടും അടച്ചിട്ട മുറിയിൽ ശിഷ്യന്മാർ കൂടിയിരിക്കുമ്പോൾ യേശു വരുന്നു. അപ്പോഴും ഉണങ്ങാതിരുന്ന മുറിവുകളിൽ തോമസിന്റെ വിരലുകൾ കടത്തിച്ച് വിശ്വസിപ്പിക്കുന്നു (യോഹ 20: 26-27).

മൂന്നാമതും ഒരിക്കൽ അതിരാവിലെ സൂര്യൻ ഉദിച്ചുവരുന്ന സമയത്ത് ടൈബീരിയസ് തടാകത്തിൽ ഏഴ് ശിഷ്യന്മാർ മത്സ്യം പിടിച്ചുകൊണ്ടിരുന്നപ്പോഴും യേശു അവർക്കുമുമ്പിൽ കാണപ്പെട്ടു. ഈ സംഭവവും യോഹന്നാൻ സൂക്ഷ്മമായി വിവരിക്കുന്നു. മത്സ്യങ്ങളുടെ എണ്ണംപോലും കൃത്യം: 153! (യോഹ 21:10-11).

## ക്രൂശിതന്റെ പ്രാർഥന

“ദൈവമേ! ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവർക്ക് മാപ്പുകൊടുക്കേണമേ” എന്ന് കുരിശിൽ തറച്ചപ്പോൾ യേശു പറഞ്ഞതായി ലൂക്കാ രേഖപ്പെടുത്തുന്നു (ലൂക്കാ 23:34). അബദ്ധത്തിൽ, അറിയാതെ ആളുമാറിയാണ് തന്നെ കുരിശിൽ തറക്കുന്നതെന്ന് മനസ്സിലായതുകൊണ്ടായിരിക്കണം ക്രൂശിതൻ ഇങ്ങനെ പറഞ്ഞത്. യേശു ആണെന്ന ധാരണയിൽ നിരപരാധിയായ മറ്റൊരാളെയാണ് കുരിശിലേറ്റുന്നതെന്ന് അവർ അറിഞ്ഞി

രുന്നില്ലെന്ന് ആ വാചകത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. അറിയാതെ ചെയ്ത അപരാധമായതുകൊണ്ട് ആ തെറ്റിന് മാപ്പു കൊടുക്കാൻ വിശാലമനസ്കനായ അയാൾ കുരിശിൽ കിടന്ന് പ്രാർഥിച്ചു എന്ന് അനുമാനിക്കാം. ഒരുപക്ഷേ, യേശുവിന്റെ ഒരു അനുയായി ആയിരുന്നിരിക്കാം അയാൾ.

മരണത്തെ അതിജീവിച്ച് അത്ഭുതകരമായി ഉയിർത്തെഴുന്നേറ്റ യേശു പലർക്കും പ്രത്യക്ഷപ്പെട്ടതായും ദിവസങ്ങളോളം ഭൂമിയിൽ ഉണ്ടായിരുന്നതായും സുവിശേഷങ്ങളിൽ കാണുന്നു. പക്ഷേ, ഒരാൾക്ക് മാത്രം പ്രത്യക്ഷപ്പെട്ടില്ല. സ്വന്തം അമ്മക്കു മാത്രം. എന്തേ? അമ്മ തിരിച്ചറിയും. മരിച്ച് ശവസംസ്കാരം നടത്തി മൂന്ന് ദിവസത്തിനുശേഷം പുനരുത്ഥാനം ചെയ്യുക എന്ന മഹാത്ഭുതം വഴി ജീവൻ തിരിച്ചുകിട്ടിയ ഒരാൾ ഒന്നല്ല, രണ്ടല്ല, പത്തല്ല, നാൽപത് ദിവസം വീടിനരികെ കഴിഞ്ഞിട്ടും അമ്മയെ കാണാൻ പോവുകയോ അമ്മ മകനെ കാണാൻ ചെല്ലുകയോ ഉണ്ടായില്ലെന്നത് അത്ഭുതങ്ങളിൽ അത്ഭുതമായി വേണം കണക്കാക്കാൻ!

യഹൂദന്മാരുടെ മതാചാരമനുസരിച്ച് സബ്ബത്തുദിവസം ആരെയും കുരിശിൽ തൂക്കിയിടുവാൻ നിവൃത്തിയില്ലാത്തതിനാൽ അവരുടെ ദിനാരംഭമായ സന്ധ്യക്കുമുമ്പ് യേശുവിന്റെയും ഒപ്പം കുരിശിലേറ്റിയ രണ്ടു കുറ്റവാളികളുടെയും ശരീരങ്ങൾ കുരിശിൽനിന്ന് താഴെയിറക്കി. അപ്രകാരം താഴെ ഇറക്കപ്പെടുന്നവർ മരിച്ചിട്ടില്ലെങ്കിൽ അവരുടെ കാൽമുട്ടുകൾ തല്ലിയൊടിക്കണമെന്ന നിയമമനുസരിച്ച് രണ്ടുപേരുടെ കാലുകൾ തല്ലിയൊടിച്ചു. യേശു അപ്പോഴേക്കും മരിച്ചുകഴിഞ്ഞതുകൊണ്ട് അദ്ദേഹത്തിന്റെ കാൽ ഒടിച്ചില്ല (യോഹ 19: 31– 33). അങ്ങനെ അസ്ഥി തല്ലിയൊടിക്കാതിരുന്നപ്പോൾ പഴയ നിയമത്തിലെ ഒരു പ്രവചനം ആണത്രെ നിറവേറിയത്. അത് ഇങ്ങനെ: “അവന്റെ ഒരു അസ്ഥിയും ഒടിഞ്ഞുപോകയില്ല” (യോഹ: 19:36). പക്ഷേ, അസ്ഥി ഒടിഞ്ഞില്ലെങ്കിലും ആൾ മരിച്ചുപോയി. ആൾ മരിച്ചാലും എല്ല് ഒടിയാതിരിക്കുക മാത്രം ചെയ്യുന്നതുകൊണ്ട് എന്തു വിശേഷം? ഓപ്പറേഷൻ വിജയം; പക്ഷേ, രോഗി മരിച്ചു എന്നു പറയുന്നതിന് തുല്യമാണത്.

ഒടിയാത്ത അസ്ഥിയുടെ കാര്യത്തിൽ യോഹന്നാൻ ഉദ്ധരിച്ചത് സങ്കീർത്തന ഗ്രന്ഥത്തിലെ ഒരു പ്രവചനത്തിന്റെ അവസാനഭാഗമാണ്. അതിന്റെ പൂർണരൂപം ഇതാ ഇങ്ങനെ: “നീതിമാന്മാർ നിലവിളിച്ചു; യഹോവ കേട്ടു. സകല കഷ്ടതകളിൽനിന്നും അവരെ വിടുവിച്ചു. ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു. നീതി

മാന്റെ അനർഥങ്ങൾ അസംഖ്യമാകുന്നു. അവ എല്ലാറ്റിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു. അവന്റെ അസ്ഥികളെ എല്ലാം അവൻ സൂക്ഷിക്കുന്നു. അവയിൽ ഒന്നും ഒടിഞ്ഞുപോകയുമില്ല" (സങ്കീർത്തനങ്ങൾ 34:17-20).

മരണാനന്തരം ആത്മീയമായി ഒരാളെ രക്ഷപ്പെടുത്തുന്ന കാര്യം മാത്രമല്ല ഇതിൽ വിവക്ഷിക്കുന്നത്; ജീവനോടെ ശാരീരികമായി ഒരാളെ എല്ലാ ആപത്തുകളിൽനിന്നും രക്ഷപ്പെടുത്തുന്ന കാര്യവും അതിൽ സൂചിപ്പിക്കുന്നുണ്ട്. യേശുവിന്റെ കാര്യത്തിലാണെങ്കിൽ, അദ്ദേഹം വളരെയധികം കഷ്ടപ്പെട്ടു. നല്ലപോലെ പ്രാർഥിച്ചു- ചോര വിയർക്കുവോളം പ്രാർഥിച്ചു; നീണ്ട ഉപവാസങ്ങൾ നടത്തി. ദൈവം പ്രാർഥന കേട്ടു. എല്ലാ കഷ്ടതകളിൽ നിന്നും രക്ഷപ്പെടുത്തി. ഒരൊറ്റ എല്ലും ഒടിയാതെ ജീവനോടെ തന്നെ.

## ഉയിർത്തെഴുന്നേൽപ്

കുരിശിൽ തറക്കപ്പെടുന്നതിനുമുമ്പ് യേശു ഉയർത്തപ്പെട്ടു എന്ന ഖുർആൻ വാക്യവും സങ്കീർത്തന വാക്യങ്ങളും ചേർത്തുവായിക്കുമ്പോൾ ആശയം കൂടുതൽ വ്യക്തമാകുന്നു.

പീഡനങ്ങൾ സഹിച്ച് കഷ്ടപ്പെട്ടു മരിച്ച് സ്വർഗത്തിൽ പോകുന്നതിനേക്കാൾ ജീവനോടെ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതാണ് എന്തുകൊണ്ടും അഭികാമ്യവും ശ്രേഷ്ഠവും. പക്ഷേ, യേശുവിനെപ്പോലെ അതിനു ഭാഗ്യം സിദ്ധിച്ചവർ മറ്റാരുണ്ട്?

മുൻവിധികൾ മാറ്റിവച്ച് നിഷ്പക്ഷവും സ്വതന്ത്രവുമായ ഒരു പുനർവിചിന്തനം നടത്തുമ്പോൾ കുരിശിൽ മരിച്ചതും ഉയിർത്തെഴുന്നേറ്റതും യഥാർഥ ക്രിസ്തു അല്ലെന്നു വരുമോ?

## ക്രൂശീകരണവും ദിവ്യബലിയും

കുരിശുനാട്ടിയ സ്ഥലത്തിന്റെ തൊട്ടടുത്തുതന്നെ യേശുവിന്റെ ഒരു രഹസ്യശിഷ്യനും ധനാഢ്യനുമായ അരിമത്ത്യയിലെ ജോസഫ് പാറയിൽ വെട്ടിയുണ്ടാക്കിയ ഒരു പുതിയ ശവക്കല്ലറ ഉണ്ടായിരുന്നു. സബ്ബത്ത് ആരംഭിക്കുന്ന സന്ധ്യാസമയത്തിനു മുമ്പുതന്നെ തിരക്കുപിടിച്ച് ജോസഫിന്റെ നേതൃത്വത്തിൽ ആ കല്ലറയിൽ യേശുവിനെ സംസ്കരിച്ചു. പാറയിൽ വെട്ടിയുണ്ടാക്കിയ കല്ലറയായതിനാൽ മൃതദേഹം മണ്ണിട്ടുമൂടുകയല്ല ചെയ്തത്. ഒരു വലിയ കല്ല് ഉരുട്ടിവെച്ച് ദ്വാരം അടക്കുകയായിരുന്നു.

എല്ലാവരും പോയി. പിന്നീടാണ് യഹൂദപുരോഹിതന്മാർക്ക് ഒരു ബുദ്ധി

ഉദിച്ചത്. മൂന്നു ദിവസം കല്ലറക്ക് കാവൽ ഏർപ്പെടുത്തണം. അല്ലെങ്കിൽ ശിഷ്യന്മാർ മൃതദേഹം എടുത്തുമാറ്റി ഉയിർത്തെഴുന്നേറ്റു എന്നു പ്രചരിപ്പിച്ചാലോ! അവർ പിലാത്തോസിന്റെ അടുത്തുചെന്ന് അനുവാദം വാങ്ങി കാവൽ ഏർപ്പെടുത്തി കല്ലറ മുദ്രവെച്ചു.

മരിച്ചു എന്നു തോന്നിയെങ്കിലും ഒരുപക്ഷേ, ആൾ അബോധാവസ്ഥയിൽ ആയിരുന്നിരിക്കാം. ബോധം തെളിഞ്ഞപ്പോൾ കാവൽക്കാരുടെ കണ്ണിൽപ്പെടാതെ കല്ല് ഉരുട്ടിമാറ്റി പുറത്തുകടന്ന് സ്ഥലം വിട്ടിരിക്കാം. അതുകൊണ്ടാവണം കല്ല് ആരു മാറ്റിത്തരുമെന്ന സംശയവുമായി അതിരാവിലെ കല്ലറയിൽ സുഗന്ധദ്രവ്യങ്ങൾ തളിക്കാൻ ചെന്ന മഗ്ദല മറിയം കല്ലറ തുറന്നു കിടക്കുന്നതായി കണ്ടത്.

പുനരുത്ഥാനകഥയിലെ അവ്യക്തതകളും ദുരൂഹതകളും അങ്ങനെ ഒരു നിഗമനത്തിൽ എത്തിക്കുന്നു. യേശുവുമായുള്ള സാദൃശ്യത്തിന്റെ പേരിൽ മരണശിക്ഷ ഏറ്റുവാങ്ങേണ്ടിവന്ന ശീമോൻ വിജയകരമായ ഒരു നാടകത്തിൽക്കൂടി ചരിത്രത്തിൽ അനശ്വരസ്ഥാനം നേടിയതാണെന്നും വരാം.

## കുർബാന എന്ന ദിവ്യബലി

മനുഷ്യവർഗത്തിന്റെ പാപപരിഹാരത്തിനായി ദൈവം മനുഷ്യനായി ക്രിസ്തുവിന്റെ രൂപത്തിൽ ജനിച്ചു എന്നാണ് ഇന്നത്തെ ക്രൈസ്തവ വിശ്വാസം. ആ വിശ്വാസത്തിന്റെ പൂർണതക്ക് ക്രിസ്തു കുരിശിൽ മരിക്കേണ്ടതും അനിവാര്യം. ദൈവത്തിന്റെ ആദ്യസൃഷ്ടിയായ ആദം മുതലുള്ള മനുഷ്യവർഗത്തിന്റെ പാപപരിഹാരത്തിനും രക്ഷക്കുമായി ദൈവത്തിന്റെ ഏകപുത്രനായി ക്രിസ്തു ജനിച്ച് കുരിശിൽ മരിച്ചു എന്ന സങ്കൽപത്തിന്റെ പ്രതീകമെന്നോണം നാടകീയമായി ക്രൈസ്തവ ദേവാലയങ്ങളിൽ ഇന്ന് ആവർത്തിച്ചുവരുന്ന ഏറ്റവും ഭക്തിനിർഭരമായ ആചാരക്രമമാണ് കുർബാന എന്ന ദിവ്യബലി. അതിൽ പിതാവായ ദൈവത്തിന് തന്റെ ഏകപുത്രനായ ക്രിസ്തുവിനെ പുരോഹിതൻ ബലിപീഠത്തിൽ വെച്ച് സാങ്കൽപികമായി കൊന്ന് ബലിയർപ്പിക്കുന്നു. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നിർവൃതികൊണ്ടിരിക്കുന്ന വിശ്വാസിസഞ്ചയത്തെ നോക്കി പുരോഹിതൻ പറയുന്നു: “ഇതാ ക്രിസ്തുവിന്റെ ശരീരം, രക്തം. വാങ്ങി ഭക്ഷിപ്പിൻ.” പുരോഹിതൻ നടത്തിയ ദിവ്യബലിക്കിടയിൽ അക്ഷരാർഥത്തിൽ ക്രിസ്തുവിന്റെ മാംസവും രക്തവുമായി മാറിയെന്നു വിശ്വസിക്കപ്പെടുന്ന അപ്പവും വീഞ്ഞും നിരനിരയായി വരുന്ന വിശ്വാസികളുടെ വായിൽ പുരോഹിതൻ വച്ചുകൊടുക്കുന്നു. അപ്പവും വീഞ്ഞും ഇപ്പോൾ

ഏറ്റവും പവിത്രമായി മാറിയിരിക്കുന്നതിനാൽ പുരോഹിതനല്ലാതെ മറ്റാർക്കും കൈകൊണ്ടു തൊടാൻ പാടില്ലാത്തതുകൊണ്ടാണ് വിശ്വാസികളുടെ നീട്ടിയ നാവിൽ വെച്ചുകൊടുക്കുന്നത്. അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരരക്തങ്ങളാവുന്നതെങ്ങനെയെന്ന് സംശയം തോന്നുന്നവരോട് അതൊരു മഹാ രഹസ്യമാണെന്നും ആർക്കും മനസ്സിലാവില്ലെന്നുമത്രെ സഭയുടെ മറുപടി. സഭ പറയുന്നതെന്തും ആരാലും ചോദ്യംചെയ്യപ്പെടാതെ സാർവത്രികമായി അംഗീകരിക്കപ്പെടുന്നു.

അവസാനത്തെ അത്താഴസമയത്തും അതിനു മുമ്പും യേശു നടത്തിയ ചില പ്രസംഗങ്ങളിലെ പരാമർശങ്ങളാണ് ഈ ദിവ്യബലിക്ക് അടിസ്ഥാനം. യേശു പറഞ്ഞു: "എന്റെ ശരീരം നല്ല ഭക്ഷണവും എന്റെ രക്തം നല്ല പാനീയവുമാകുന്നു." പക്ഷേ, ഭൗതികമായ ശരീരവും രക്തവുമല്ല യേശു ഉദ്ദേശിച്ചതെന്നു വ്യക്തം. ഏതൊരു സന്ദേശം-സുവിശേഷം- അറിയിക്കാനാണോ താൻ വന്നത് ആ തത്ത്വങ്ങളും മൂല്യങ്ങളും ആയിരുന്നു യേശുവിന്റെ ശരീരവും രക്തവും ജീവനും.

യേശു കൊടുത്തത് ആത്മീയ ആരോഗ്യത്തിനും പോഷണത്തിനുമുള്ള ജീവന്റെ വചനമാകുന്ന ആഹാരമായിരുന്നു. തിന്നാനും കുടിക്കാനും ഉള്ളതായിരുന്നില്ല അവ. ദിവ്യബലിക്കിടയിൽ പുരോഹിതനിൽനിന്നു കിട്ടുന്ന അപ്പം ഭക്ഷിക്കുന്നവർ മരണമടയുന്നതിനാൽ യേശു ഉദ്ദേശിച്ചത് ഈ അപ്പമായിരുന്നില്ലെന്നു മനസ്സിലാക്കാൻ പ്രയാസമില്ല.

സ്വന്തം ശരീരം ജീവന്റെ യഥാർഥമായ അപ്പവും രക്തം നല്ല പാനീയവുമാണെന്നുള്ള ഗഹനമായ ഉപമയുടെ അർഥം മനസ്സിലാക്കാൻ കഴിയാതെ പല ശിഷ്യന്മാരും പിന്നീടൊരിക്കലും മടങ്ങിവരാത്തവിധം ഉപേക്ഷിച്ചുപോയതായി യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നു (6:51-66). ഭൗതികശരീരത്തെയും രക്തത്തെയും പറ്റിയായിരുന്നു പ്രസംഗമെങ്കിൽ അത് മനസ്സിലാക്കാൻ ആർക്കും പ്രയാസമുണ്ടാവില്ലായിരുന്നു. പലരും അത് മനസ്സിലാക്കാൻ കഴിയാതെ ക്രിസ്തുയേശുവിനെ വിട്ടുപോയെങ്കിൽ അത് ഭൗതിക ശരീരത്തെയും രക്തത്തെയും പറ്റി ആയിരിക്കാൻ സാധ്യതയില്ല.

രക്തം കുടിക്കാൻ യേശു പറഞ്ഞു എന്നു ചിന്തിക്കുക തന്നെ പ്രയാസം. മനുഷ്യമാംസവും രക്തവും ഭക്ഷിക്കുന്നവർ ഫലസ്തീനിലോ പരിഷ്കൃതലോകത്തോ ഉണ്ടായിരുന്നില്ല. മാത്രമല്ല, മോശെയുടെ നിയമപ്രകാരം യേശുവിന്റെ കാലത്ത് യഹൂദന്മാർക്ക് രക്തം ഭക്ഷിച്ചുകൂടാത്തതുമായിരുന്നു (ലേവ്യർ 3:17).

പിതാവിനെ പ്രീതിപ്പെടുത്താൻ പുത്രനെ ബലികൊടുത്താൽ ഏതു പിതാവിനാണ് അത് സ്വീകാര്യമാവുക? തന്റെ മുമ്പിൽവച്ച് പുത്രൻ ബലിയർപ്പിക്കപ്പെടാൻ ഏതു പിതാവാണ് ആഗ്രഹിക്കുക? ഏതു പിതാവ് അങ്ങനെയുള്ള ഒരക്രമം സഹിക്കും? അതും ഏകപുത്രന്റെ സർവശക്തനായ പിതാവ്! പിതൃ-പുത്രബന്ധത്തിന്റെ ഏറ്റവും ഹീനമായ മറ്റൊരു വികൃതരൂപം എവിടെ കാണാൻ കഴിയും, ഈ 'ദിവ്യബലി'യിലല്ലാതെ!

യേശുവിനെ ഒറ്റിക്കൊടുക്കുന്നതിന് യഹൂദ പുരോഹിതന്മാർ യൂദാസിനു കൊടുത്തത് മുപ്പത് വെള്ളിക്കാശായിരുന്നല്ലോ. വെറും മുപ്പതു വെള്ളിക്കാശിന്റെ മുതൽമുടക്കിനു പ്രതിഫലമായി പൗരോഹിത്യത്തിന്റെ പിൻതലമുറകൾ വൻതോതിൽ ലാഭം കൊയ്തുകൊണ്ടിരിക്കയാണ് അന്നു മുതൽ ഇന്നുവരെ. യേശുവിനെ വീണ്ടും വീണ്ടും കൊന്ന് അവർ അനേക മടങ്ങായി ലാഭം കൊയ്യുന്നു; 'ദിവ്യബലി' എന്ന ഓമനപ്പേരിൽ.

ദിവ്യബലിക്കിടയിൽവെച്ചാണ് പള്ളിയിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും. ശവസംസ്കാര സമയത്തും പിന്നീടുള്ള പല ദിവസങ്ങളിലും പരേതന്റെ ആത്മശാന്തിക്കുവേണ്ടിയുള്ള ദിവ്യബലി സാർവത്രികം. ഏതൊരു സന്തോഷാവസരത്തിലും, മരിച്ചുപോയ പ്രിയപ്പെട്ടവരുടെ സ്മരണക്കും ശാന്തിക്കും വേണ്ട ദിവ്യബലി അർപ്പിക്കാം. ചാർജ് കൂടുതൽ കൊടുക്കാൻ തയ്യാറുണ്ടെങ്കിൽ ഗായകസംഘത്തിന്റെ സംഗീതാലാപനത്തോടെയുള്ള പാട്ട്കുർബാന. അതിൽ കൂടുതൽ പണം മുടക്കാമെങ്കിൽ കൂടുതൽ പുരോഹിതന്മാരെ അണിനിരത്തി സമൂഹബലിയും സംഘടിപ്പിക്കാം. ആഡംബരം പോരെന്നുണ്ടെങ്കിൽ വമ്പന്മാർക്കുവേണ്ടി അരമനയിൽ സിംഹാസനത്തിൽ വാഴുന്ന മഹാപുരോഹിതൻ തന്നെ എഴുന്നള്ളും, പരിവാരസമേതം.

## ത്രിയേകത്വവും പൗരോഹിത്യവും

ഖുർആൻ ഏറ്റവും വെറുക്കുന്നതും ആവർത്തിച്ചാവർത്തിച്ച് നിഷേധിക്കുന്നതുമാണ് ദൈവത്തിന് ഒരു പുത്രൻ എന്ന ആശയം. ദൈവം ഏകനാണെന്നും ദൈവത്തിനു പങ്കാളികളില്ലെന്നും ഖുർആൻ അതിശക്തമായി അനേകം പ്രാവശ്യം ആവർത്തിക്കുന്നു.

സീനായ് മലയിൽ ദൈവം മോശെയ്ക്കു കൊടുത്തതും ക്രിസ്ത്യാനികൾക്ക് ബാധകമായ പത്തു കൽപനകളിലെ "നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു; ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കില്ല; പൂർണഹൃദയത്തോടും പൂർണ ആത്മാവിനോടും പൂർണശക്തിയോടും കൂടി നീ നിന്റെ ദൈവത്തെ സ്നേഹിക്കുക" എന്ന ഒന്നാം കൽപനയും ഇതു തന്നെ

യാണ് ആവശ്യപ്പെടുന്നത് (ആവർത്തന പുസ്തകം 6:4-5).

ദൈവത്തിൽ മൂന്നാളുകളുണ്ടെന്നും അതിലൊന്ന് യേശു ആണെന്നും ബൈബിളിൽ ഒരു സ്ഥലത്തും പ്രസ്താവിച്ചിട്ടില്ല. പഴയനിയമത്തിലാവട്ടെ പുതിയ നിയമത്തിലാവട്ടെ ഒരൊറ്റ പ്രാവശ്യമെങ്കിലും ഉപയോഗിച്ചിട്ടില്ലാത്തതാണ് ത്രിത്വം എന്ന പദം. ക്രിസ്തുവർഷം 325-ൽ സഭാ കൗൺസിൽ നടപ്പാക്കിയതാണ് ഇന്നത്തെ ത്രിത്വസിദ്ധാന്തം. അതിനുവേണ്ടി ലത്തീൻ ബൈബിളിൽ യോഹന്നാന്റെ ഒന്നാം ലേഖനം അഞ്ചാം അധ്യായം ഏഴും എട്ടും വാകൃങ്ങൾക്കിടയിൽ ഏതാനും പദങ്ങൾ കുത്തിക്കയറ്റിയതിനും തെളിവുകളുണ്ട്. 1+1+1 = 3 എന്നാണ് ഗണിതശാസ്ത്രത്തിലെ ബാലപാഠം. ക്രൈസ്തവ സഭകൾക്കു മാത്രം മൂന്ന് ഒന്നുകൾ കൂടിയാലും സംഖ്യ ഒന്നു തന്നെ. അതാണുപോലും ത്രിത്വത്തിലെ ഏകത്വം. അത് എങ്ങനെ എന്നു ചോദിച്ചാൽ അതും ഒരു മഹാ രഹസ്യമാണെന്നും ആർക്കും മനസ്സിലാക്കാൻ കഴിയില്ലെന്നുമാണുത്തരം.

യേശു ദൈവത്തെ പിതാവെന്നു സംബോധനചെയ്യുന്നതായി സുവിശേഷത്തിൽ പല സ്ഥലത്തും കാണുന്നു. യഥാർഥത്തിൽ മകനായതുകൊണ്ടാണോ ദൈവത്തെ പിതാവെന്നു വിളിക്കുന്നത്? ദാവീദിനെ യേശുവിന്റെ പിതാവെന്നു പറയുന്നു. ദാവീദാണോ യേശുവിന്റെ പിതാവ്? ഏതെങ്കിലും ഒരു വ്യക്തിയെ രാഷ്ട്രപിതാവെന്നു വിളിച്ചാൽ അദ്ദേഹം ആ രാഷ്ട്രത്തിന്റെയും ജനങ്ങളുടെയും പിതാവ് എന്നാണോ അർഥം? തീവണ്ടി കണ്ടുപിടിച്ച ആളെ തീവണ്ടിയുടെ പിതാവ് എന്നും റോക്കറ്റ് കണ്ടുപിടിച്ച ആളെ റോക്കറ്റിന്റെ പിതാവ് എന്നും പറയാറില്ലേ? മനുഷ്യനെ സൃഷ്ടിച്ചത് ദൈവമായതുകൊണ്ട് ദൈവത്തെ പിതാവെന്നു വിളിച്ചുകാണും. യേശു പ്രാർഥിക്കാൻ പഠിപ്പിച്ച "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർഥനയിൽ ദൈവത്തെ എല്ലാവരുടെയും പിതാവ് എന്ന വിശാലമായ അർഥത്തിലല്ലേ സംബോധന?

മരുഭൂമിയിൽ നാൽപത് പകലും നാൽപത് രാത്രിയും കഠിനമായ ഉപവാസത്തിലും പ്രാർഥനയിലും കഴിഞ്ഞശേഷം വിശന്നിരിക്കുമ്പോൾ പിശാച് യേശുവിനെ പരീക്ഷിച്ചതായും വശീകരിച്ച് സ്വാധീനിക്കാനായി ലോകവും ലോകത്തിലെ സകല സമ്പത്തും മഹത്വവും അവനു നൽകാമെന്നു വാഗ്ദാനം ചെയ്തതായും സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. ഒരു ഉപാധി മാത്രമേ പിശാച് വച്ചുള്ളു. ദൈവത്തെയെന്നപോലെ സാഷ്ടാംഗം പ്രണമിച്ച് പിശാചിനെ ആരാധിക്കണം. "ദൈവത്തെ മാത്രമേ പൂജിക്കാവൂ" എന്ന തിരുവെഴുത്ത് ഉദ്ധരിച്ചുകൊണ്ട് യേശു സാത്താനെ

ഓടിക്കുന്നു (മത്തായി 4:1-11, മാർക്കോസ് 1:12-13, ലൂക്കാ 4:1-13). യേശു ദൈവമോ ദൈവപുത്രനോ ആയിരുന്നെങ്കിൽ പിശാച് അത്തരം ഒരു പരീക്ഷണത്തിനു മുതിരുമായിരുന്നില്ല. തന്നെപ്പറ്റിയും ദൈവത്തെപ്പറ്റിയും അറിയാത്തവനല്ലല്ലോ പിശാച്.

## യേശു ഇതു കണ്ടാൽ....!

രണ്ടായിരത്തോളം കൊല്ലങ്ങൾക്കു ശേഷം ഇന്ന്, യേശു തന്റെ അനുയായികൾ എന്നവകാശപ്പെടുന്നവരുടെ ഒരു പള്ളിയിൽ പ്രവേശിക്കുന്നു എന്നു സങ്കൽപിക്കുക. എന്തായിരിക്കും ആ മനുഷ്യപുത്രൻ കാണുക? പുറത്തുനിന്നു നോക്കുമ്പോൾ തന്നെ തിരിച്ചറിയാൻ നിവൃത്തിയില്ലാത്ത വിധം പള്ളിക്കു വന്ന ആകൃതി വ്യത്യാസം അദ്ദേഹത്തെ അമ്പരപ്പിക്കും. തന്റെ ജീവനു ഭീഷണിയായി നിന്ന മാരകായുധം കുരിശ് ഏറ്റവും പ്രമുഖ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. തന്റെ ജീവിതകാലത്ത് താൻ എതിർത്ത വിഗ്രഹങ്ങളും ആരാധനാസമ്പ്രദായങ്ങളും താൻ നേരത്തെ കേട്ടിട്ടില്ലാത്ത പ്രാർഥനകളും. താൻ പൂർണമായി വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്ത പത്തു പ്രമാണങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ രണ്ടാം പ്രമാണം പരസ്യമായും നഗ്നമായും ലംഘിച്ച് സ്ഥാപിച്ചിരിക്കുന്ന പ്രതിമകൾക്കു മുമ്പിൽ മുട്ടുകുത്തി ജനം പ്രാർഥിക്കുന്നു. തന്റേതെന്നു പറയുന്ന പ്രതിമകളും പടങ്ങളും സ്ഥാപിച്ച് ദൈവതുല്യം ആരാധിക്കപ്പെടുന്നതായിക്കണ്ട് താൻ ഇത്രയധികം തെറ്റിദ്ധരിപ്പിക്കപ്പെട്ടുപോയല്ലോ എന്നോർത്തു സങ്കടപ്പെട്ട് മുകളിലേക്കു നോക്കുമ്പോൾ അതാ തന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ സൂചിപ്പിക്കുന്ന ആൽബം എന്ന മട്ടിൽ പതിനാലു പടങ്ങൾ. യേശു കൗതുകപൂർവം അവ ശ്രദ്ധിച്ചു നോക്കുന്നു. തന്റെ പീഡാനുഭവത്തിന്റെ ഓർമ നിലനിറുത്തുന്നതിനുള്ള "കുരിശിന്റെ വഴി" എന്ന ആരാധനാ സമ്പ്രദായത്തിന്റെ ഉപയോഗത്തിനാണത്രെ ആ പടങ്ങൾ. അവയിൽ ചിലത് പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നവ. താൻ കുരിശുമായി കമിഴ്ന്നുവീഴുന്ന മൂന്നു പടങ്ങളുണ്ട്. മൂന്നാം സ്ഥലത്തും ഏഴാം സ്ഥലത്തും ഒമ്പതാം സ്ഥലത്തും. യേശു അത്ഭുതപ്പെടുന്നു. ഇതെങ്ങനെ? ഈ കള്ളം ആരു പറഞ്ഞുപരത്തി? തന്നെപ്പറ്റി ആധികാരികമായി എഴുതിയവരാരെങ്കിലും ഇങ്ങനെ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ടോ? മത്തായി? മാർക്കോസ്? ലൂക്കാ? യോഹന്നാൻ? അല്ലെങ്കിൽ വേറെ ആരെങ്കിലും? ആറാം സ്ഥലത്ത് എന്താണ്? എന്റെ മുഖം വെറോനിക്ക എന്ന സ്ത്രീ തുടക്കുന്നു എന്നോ? ഏതാണീ വെറോനിക്ക? ഞാൻ അറിയില്ലല്ലോ! പതിമൂന്നാം സ്ഥലത്ത് എന്റെ മൃതശരീരം അമ്മയുടെ മടിയിൽ കിടത്തി

യെന്നോ?! പെട്ടെന്ന് പുരോഹിതൻ വിളിച്ചു പറയുന്നതായി കേൾക്കുന്നു: "ഇതാ ക്രിസ്തുവിന്റെ ശരീരം, രക്തം, എല്ലാവരും വാങ്ങി ഭക്ഷിപ്പിൻ." അതാ ജനക്കൂട്ടം തന്റെ ശരീരരക്തങ്ങൾക്കായി വാ തുറക്കുന്നു. അതു കണ്ടു ഭയന്ന് യേശു അവിടെനിന്നിറങ്ങി ഓടാതിരിക്കുമോ?

## സ്നേഹബലി

ഭൂമിയിൽ വന്നു തൂങ്ങിമരിക്കേണ്ടും വിധം ഗതികേട് ദൈവത്തിനു വന്നു എന്നു വിശ്വസിക്കണമെങ്കിൽ തീർച്ചയായും ബുദ്ധിശക്തിക്ക് ഗുരുതരമായ കുഴപ്പം സംഭവിച്ചിരിക്കണം. ആർക്കെങ്കിലും എതിരായി ആത്മഹത്യ എന്ന ഭീഷണിയോ ആരെയെങ്കിലും പ്രീതിപ്പെടുത്താനുള്ള ആത്മബലിയോ നടത്തേണ്ടവിധം നിസ്സാരനാണു ദൈവമെന്നോ?

ജീവനുള്ളവരുടെയും മരിച്ചവരുടെയും ആത്മീയരക്ഷക്കുള്ള ഒറ്റമൂലിയാണ് പുരോഹിതദൃഷ്ടിയിൽ ഈ 'സ്നേഹബലി.' എക്കാലത്തും തുടരുന്നതിനായി അന്തിമ അത്താഴ സമയത്ത് യേശു പുരോഹിതരെ ഏൽപിച്ചതാണത്രെ ഈ അപ്പഭോജനശുശ്രൂഷ. എന്നാൽ പുരോഹിതർ ഉണ്ടെന്നു പറയുന്ന അത്ഭുതശക്തിയൊന്നും അതിനില്ലെന്നും അതൊരു സാധാരണ ഭക്ഷണമായിരുന്നെന്നും യേശുതന്നെ തെളിയിച്ചിട്ടുണ്ട്. അന്നത്തെ ഭക്ഷണസമയത്ത് ഒരു കഷണം അപ്പം മുക്കി യേശു യൂദാസിനു കൊടുക്കുന്നു. അതു കഴിച്ച ഉടനെ തന്നെ അവന്റെ ഉള്ളിൽ പിശാചു കയറിയെന്നും അവൻ നേരത്തെ ഉദ്ദേശിച്ചിരുന്ന യേശുവിനെ ഒറ്റിക്കൊടുക്കുക എന്ന പൈശാചിക വൃത്തിക്കായി ഉടനെ പുറപ്പെട്ടു എന്നുമാണ് യോഹന്നാന്റെ വിവരണം (യോഹ: 13:21-30). യേശു കൊടുത്ത അപ്പത്തിന് എന്തെങ്കിലും സവിശേഷത ഉണ്ടായിരുന്നെങ്കിൽ യൂദാസ് അവന്റെ നീചപ്രവൃത്തിയിൽ നിന്നു പിന്തിരിയുമായിരുന്നു. പക്ഷേ, അതുണ്ടായില്ല. അതുപോലെത്തന്നെയാണ് ഇന്നും. യേശു കൊടുത്ത അപ്പത്തിനുപോലും യാതൊരു അത്ഭുതശക്തിയും ഉണ്ടായില്ലെന്നിരിക്കെ ഇന്നത്തെ പുരോഹിതൻ കൊടുക്കുന്ന അപ്പത്തിന് അത്ഭുതശക്തിയുണ്ടാകുന്നതെങ്ങനെ?

വിചാരണയിൽ കുറ്റക്കാരനല്ലെന്നു കണ്ടിട്ടും 'അവനെ ക്രൂശിക്കൂ, അവനെ ക്രൂശിക്കൂ' എന്ന് ആർത്തുവിളിച്ച യഹൂദ പുരോഹിതൻമാരെയും പിണിയാളുകളെയും പ്രീതിപ്പെടുത്താനായി യേശുവിനെ അവരുടെ ഇഷ്ടത്തിനു വിട്ടുകൊടുത്തുകൊണ്ട് പിലാത്തോസ് പറഞ്ഞു: " ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല." അയാൾ വെള്ളമെടുത്ത് കൈ കഴുകി. യഹൂദജനം പറഞ്ഞു: " അതു ഞങ്ങളുടെയും ഞങ്ങളുടെ മക്കളുടെയും മേൽ പതിഞ്ഞുകൊള്ളട്ടെ" (മത്തായി 27:24-25). ഏറെയൊന്നും നീതിബോധമി

ല്ലാത്ത റോമാ ഗവർണറായ പിലാത്തോസ് യഹൂദപുരോഹിതൻമാരെ പ്രീതിപ്പെടുത്താനായി നിരപരാധിയായ ക്രിസ്തുവിനെ മരണത്തിനു വിട്ടു കൊടുത്തപ്പോൾ ഉണ്ടായ കുറ്റബോധം മനസ്സാക്ഷിയെ കുത്തിനോവിച്ച പ്പോൾ അറിയാതെ നാവിൽ നിന്നു വീണതാവണം ആ വാചകം. പിലാ ത്തോസ് ഭയപ്പെട്ട ആ നീതിമാന്റെ രക്തത്തിലാണ് ഇന്ന് കത്തോലിക്കാ പൗരോഹിത്യം നീന്തിത്തുടിക്കുന്നത്. അതിൽ പങ്കുപറ്റാൻ തന്ത്രപൂർവം അനുയായികളെ നിർബന്ധിക്കുകയും ചെയ്യുന്നു. പുരോഹിത ബുദ്ധിയിൽ രൂപംകൊണ്ട ക്രിസ്തുവിന്റെ കൃത്രിമ രക്തമാണ് പൗരോഹിത്യത്തിന്റെ ജീവരക്തം. മനുഷ്യനെ മയക്കുന്ന കറുപ്പും പൗരോഹിത്യം അതിൽ കല ക്കിയിരിക്കുന്നു. യഹൂദ പുരോഹിതർ അന്ന് ഏറ്റെടുത്ത ആ നീതിമാന്റെ രക്തക്കറ ക്രൈസ്തവ പൗരോഹിത്യം അക്ഷരാർഥത്തിൽ കാത്തുസൂക്ഷി ക്കുന്നു. എന്തൊരു വൈരുധ്യം!

## യേശുവിന്റെ സിദ്ധികൾ

ലൗകിക വിദ്യാഭ്യാസമൊന്നും ലഭിച്ചിട്ടില്ലായിരുന്ന യേശുവിന്റെ വിജ്ഞാനത്തിൽ ജനം അത്ഭുതപ്പെട്ടിരുന്നു. പള്ളിയിൽ വെച്ചു പലപ്പോഴും മതഗ്രന്ഥങ്ങളിൽനിന്നു പരസ്യമായി ക്രിസ്തു വായിച്ചിരുന്നതായി സുവി ശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റേതായ ഏതെ ങ്കിലും പുസ്തകമോ ലേഖനമോ ലഭ്യമല്ല. രണ്ടു പ്രാവശ്യം യേശു എഴു തുന്നതായി ബൈബിളിൽ കാണുന്നു. പക്ഷേ, അതു രണ്ടും നിലത്തായി രുന്നതിനാൽ എഴുതിയത് എന്തായിരുന്നെന്നോ ഏതു ഭാഷയിലായിരു ന്നെന്നോ മനസ്സിലാക്കാൻ നിവൃത്തിയില്ല. (യോഹ: 8:3-8)

യേശുവിനെ ദൈവം യഹൂദമതഗ്രന്ഥങ്ങളും വിജ്ഞാനവും പഠിപ്പി ച്ചതായി ഖുർആൻ രേഖപ്പെടുത്തുന്നു (3:48). തനിക്ക് വിജ്ഞാനവും കഴിവും തന്നത് ദൈവം തന്നെയാണെന്ന് യേശുവും പ്രസ്താവിക്കുന്നുണ്ട്. തന്റെ മുഴുവൻ കഴിവും ദൈവത്തിന്റേതാണെന്നും യേശു ഏറ്റുപറയുന്നു (യോഹ: 7: 16, 17:7-9).

സ്വന്തം കഴിവുകൊണ്ടല്ല യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നത്. ദൈവം കൊടുത്ത കഴിവുകളാണ് അതിനു പ്രാപ്തനാക്കിയത്. ഓരോ അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനുമുമ്പും യേശു പ്രാർഥിക്കുകയും പ്രാർഥന സാധിച്ചുകിട്ടുമ്പോൾ ദൈവത്തിനു നന്ദിപറയുകയും ചെയ്തി രുന്നു. യേശുക്രിസ്തു ദൈവമായിരുന്നെങ്കിൽ പ്രാർഥിക്കുകയോ നന്ദിപറ യുകയോ ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. 'ഉണ്ടാവട്ടെ' എന്നു പറയു മ്പോൾ ഉണ്ടാവുകയും 'സംഭവിക്കട്ടെ' എന്നു പറയുമ്പോൾ സംഭവിക്കു

കയും ചെയ്യുമായിരുന്നു. മരിച്ചുപോയ ലാസറിനെ കല്ലറയിൽനിന്ന് ഉയർപ്പിക്കുന്നതിനു മുമ്പ് യേശു നടത്തിയ പ്രാർഥനയിൽ തന്റെ അപേക്ഷ എല്ലായ്പ്പോഴും കേൾക്കുന്ന ദൈവത്തിന് നന്ദിപറയുന്നതോടൊപ്പം തന്നെ അയച്ചത് ദൈവമാണെന്ന് ജനം വിശ്വസിക്കുന്നതിനു വേണ്ടി കൂടിയാണ് ഈ പ്രാർഥന എന്നും പ്രത്യേകം പറയുന്നുണ്ട് (യോഹ: 11:41-42).

അന്തിമ അത്താഴ സമയത്ത് ശിഷ്യന്മാരുമായി വീഞ്ഞു കുടിക്കുമ്പോൾ യേശു പറയുന്നു: “ഇനി ദൈവരാജ്യത്ത് നിങ്ങളോടൊത്ത് കുടിക്കുന്നതുവരെ മുന്തിരിയുടെ ഈ ഫലത്തിൽനിന്ന് ഞാൻ വീഞ്ഞു കുടിക്കുകയില്ല” (മത്തായി 26:29). ദൈവത്തിന്റെ രാജ്യത്തുവച്ച് വീണ്ടും കുടിക്കുന്ന വീഞ്ഞ് ഏതാണ്? ഭൂമിയിൽ നന്മ ചെയ്യുന്നവർക്ക് പരലോകത്ത് സർവസുഖസൗകര്യങ്ങളുമുള്ള ഒരു തോട്ടം ദൈവം ഒരുക്കിയിട്ടുള്ളതായും കുടിക്കാനായി അവിടെ ലഹരിയില്ലാത്ത പരിശുദ്ധമായ വീഞ്ഞ് ലഭിക്കുമെന്നും ഖുർആനിൽ പറയുന്നുണ്ട് (47:15, 76,21, 83:25). യേശു പറയുന്ന ദൈവരാജ്യത്തിലെ വീഞ്ഞും ഖുർആനിൽ പറയുന്ന തോട്ടത്തിലെ വീഞ്ഞും ഒന്നുതന്നെയായിരിക്കണം.

ദൈവം സീനായ് മലയിൽ മോശയ്ക്കു നൽകിയ കൽപലകയിലെ പത്തുകൽപനകളും പാലിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ യേശുവിന് യാതൊരു സംശയവും ഉണ്ടായിരുന്നില്ല. അതിനുള്ള ആഹ്വാനങ്ങളായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ. അതിലെ രണ്ടാം കൽപന ഇങ്ങനെ പറയുന്നു: ആകാശത്തിലോ ഭൂമിയിലോ വെള്ളത്തിലോ ഉള്ള യാതൊന്നിന്റെയും പ്രതിമകളുണ്ടാക്കുകയോ അവയെ ആരാധിക്കുകയോ സേവിക്കുകയോ അരുത് (പുറപ്പാട് 20:4-6). യേശു പതിവായി പള്ളിയിൽ വായിച്ചിരുന്ന ഒന്നായിരുന്നു എശയ്യാ പ്രവാചകന്റെ പുസ്തകം. അതിൽ ഇങ്ങനെ കാണുന്നു: “ ഇരുമ്പു പണിക്കാരൻ ഉളിക്കു മൂർച്ചവരുത്തി തീക്കനലിനു മുകളിൽവച്ചു പണി നടത്തി പ്രതിമ രൂപപ്പെടുത്തുന്നു; ചുറ്റിക കൊണ്ട് അടിച്ചു രൂപംവരുത്തി കരുത്തുറ്റ ഭുജംകൊണ്ട് പണി തീർക്കുന്നു. അയാൾ ദേവതാരു മരങ്ങൾ വെട്ടിവീഴ്ത്തുന്നു. അല്ലെങ്കിൽ അയാൾ വിശന്നു അവശനാകുന്നു; വെള്ളം കുടിക്കാതെ തളരുന്നു. മരപ്പണിക്കാരൻ നൂൽ പിടിച്ച് നാരായംകൊണ്ട് അടയാളമിട്ട് ഉളികൾകൊണ്ട് രൂപംനൽകുന്നു. അയാൾ മട്ടമുപയോഗിച്ച് അടയാളമിടുന്നു. അങ്ങനെ ആലയത്തിൽ ഇരിക്കാനുള്ള ഒരു ആൾരൂപം പുരുഷസൗന്ദര്യത്തോടെ തീർക്കുന്നു. അയാൾ ദേവതാരുമരങ്ങൾ വെട്ടിവീഴ്ത്തുന്നു. അല്ലെങ്കിൽ അയാൾ ഒരു സൈപ്രസ് മരമോ ഓക്കുമരമോ തെരഞ്ഞെടുത്ത് കാട്ടിലെ മരങ്ങൾക്കിടയിൽ തഴച്ചുവളരാൻ

അതിനെ അനുവദിക്കുന്നു. അയാൾ ഒരു ദേവതാരു നടുന്നു. മഴ അതിനെ നനച്ചു വളർത്തുന്നു. പിന്നെ അത് മനുഷ്യന് വിറകായിത്തീരുന്നു. അതിന്റെ ഒരു ഭാഗമെടുത്ത് അയാൾ തീകായുന്നു. അത് എരിച്ച് അയാൾ അപ്പം ചുടുന്നു. അതിൽനിന്ന് ഒരു ദേവനെ ഉണ്ടാക്കി അയാൾ അതിനെ ആരാധിക്കുന്നു. അതൊരു കൊത്തുരൂപമാക്കി അതിന്റെ മുമ്പാകെ അയാൾ കമിഴ്ന്നു വീഴുന്നു. അതിന്റെ പകുതിഭാഗം അയാൾ തീ കത്തിക്കാൻ ഉപയോഗിക്കുന്നു. ജ്വലിക്കുന്ന കനൽക്കട്ടയിൽവച്ച് മാംസം പാകംചെയ്ത് ഭക്ഷിച്ച് തൃപ്തിയടയുന്നു. അയാൾ തീകായുകയും ചെയ്യുന്നു. ആഹാ! എനിക്കു കുളിരുമാറി, എനിക്ക് ഇവിടെ തീയുണ്ട് എന്ന് അയാൾ പറയുന്നു. ശേഷിച്ച ഭാഗംകൊണ്ട് അയാൾ തന്റെ ദേവവിഗ്രഹം ഉണ്ടാക്കുന്നു. അയാൾ അതിന്റെ മുമ്പാകെ വീണു ആരാധിച്ചു. പ്രാർഥനാപൂർവം ഇങ്ങനെ പറയുന്നു: 'എന്നെ രക്ഷിക്കൂ, കാരണം നീയാണ് എന്റെ ദൈവം.' അവൻ ഒന്നും അറിയുന്നില്ല; കാഴ്ചയില്ലാത്തവിധം അവരുടെ കണ്ണുകളും ഗ്രഹണശക്തിയില്ലാത്തവിധം അവരുടെ മനസ്സുകളും അടക്കപ്പെട്ടിരിക്കുന്നു. ആരും ചിന്തിക്കുന്നതേയില്ല. മരത്തിന്റെ പകുതി ഞാൻ തീ കത്തിച്ചു; തീക്കനലിൽ വെച്ചു ഞാൻ അപ്പം ചുട്ടു, ഇറച്ചി പൊരിച്ചുതിന്നു; ഇനി ബാക്കി ഭാഗം കൊണ്ട് ഞാൻ ഒരു മ്ലേച്ഛവിഗ്രഹം ഉണ്ടാക്കണമോ? ഒരു മരക്കട്ടക്കു മുമ്പിൽ ഞാൻ സാഷ്ടാംഗം വീഴണമോ? എന്നു ചോദിക്കാൻ തക്ക അറിവും വിവേകവും ആർക്കുമില്ല" (എശയ്യാ 44:12- 19).

യേശുവിന്റെ പ്രസംഗങ്ങളിലും ഉപദേശങ്ങളിലും സങ്കീർത്തനങ്ങളിൽ നിന്നുള്ള പല ഭാഗങ്ങളും ഉദ്ധരിക്കുക പതിവായിരുന്നു. വിഗ്രഹങ്ങളെപ്പറ്റി സങ്കീർത്തനങ്ങളിൽ ഇങ്ങനെ പറയുന്നു; അവരുടെ വിഗ്രഹങ്ങൾ വെള്ളിയും സ്വർണവുമാണ്. മനുഷ്യകുരങ്ങുകളുടെ സൃഷ്ടികൾ. അവക്ക് വായുണ്ട്; പക്ഷേ, സംസാരിക്കുന്നില്ല, കണ്ണുണ്ട്; പക്ഷേ കാണുന്നില്ല; ചെവിയുണ്ട്; പക്ഷേ കേൾക്കുന്നില്ല. കയ്യുണ്ട്; പക്ഷേ സ്പർശിക്കുന്നില്ല; കാലുണ്ട്; പക്ഷേ നടക്കുന്നില്ല. അവയുടെ കണ്ഠത്തിൽനിന്ന് ശബ്ദം പുറപ്പെടുന്നില്ല (സങ്കീർത്തനങ്ങൾ 115: 4-7).

യിരമ്യാ പ്രവാചകനും വിഗ്രഹങ്ങളെ പരിഹസിക്കുന്നു: " ഈ ജനങ്ങളുടെ ആചാരങ്ങൾ അർഥശൂന്യങ്ങളാണ്. വനത്തിലെ ഒരു മരം മുറിക്കുന്നു. ശിൽപിയുടെ കരങ്ങൾ ഉളികൊണ്ട് അതു പണിയുന്നു; സ്വർണവും വെള്ളിയുംകൊണ്ട് മനുഷ്യർ അത് അലങ്കരിക്കുന്നു; ആണിയും ചുറ്റികയും കൊണ്ട് അവർ അത് ഇളകാതെ ഉറപ്പിക്കുന്നു. അവരുടെ വിഗ്രഹങ്ങൾ വെള്ളരിത്തോട്ടത്തിലെ നോക്കുകുത്തികൾ പോലെയാണ്. അവക്കു

സംസാരിക്കാൻ ആവില്ല. നടക്കാൻ കഴിവില്ലാത്തതുകൊണ്ട് അവയെ ചുമക്കണം. അവയെ ഭയപ്പെടരുത്. അവക്ക് ഗുണമോ ദോഷമോ ചെയ്യാൻ കഴിയില്ല" (യിരമ്യാ 10:3-5). ഖുർആനും അതുതന്നെ പറയുന്നു.

വിഗ്രഹാരാധകർ എന്ന ആക്ഷേപം ഒഴിവാക്കാനായി ക്രിസ്ത്യാനികൾ വിഗ്രഹത്തെ രൂപം എന്നാണ് പറയുക. തങ്ങൾ വിഗ്രഹാരാധകരല്ലെന്ന് വാദത്തിനുവേണ്ടി പറയുമെങ്കിലും അവരുടെ പള്ളികളിലും വീടുകളിലും പലരുടെയും കഴുത്തുകളിലും വിഗ്രഹങ്ങളും പടങ്ങളും നിറഞ്ഞിരിക്കുന്നു. അവക്കു മുമ്പിൽ കുമ്പിടുന്നതും തൊട്ടുചുംബിക്കുന്നതും സർവസാധാരണമാണ്. ദുഃഖവെള്ളിയാഴ്ച യേശുവിന്റെ കുരിശുരൂപം പള്ളിയിൽ ചുംബിക്കാത്ത കത്തോലിക്കർ എത്ര പേർ കാണും? 'കുരിശാരാധന' എന്നാണതിന്റെ പേര്. കത്തോലിക്കർക്ക് മതത്തിന്റെ തന്നെ ഭാഗമായിത്തീർന്നിരിക്കുന്നു വിഗ്രഹങ്ങളും പടങ്ങളും. രക്ഷാമാർഗങ്ങളെന്നു കരുതി കഴുത്തിലണിയുന്ന കുരിശും വെന്തിങ്ങയും മറ്റും ദൈവം നിരോധിച്ച വിഗ്രഹങ്ങളിൽപെട്ടവയാണെന്ന് ആരോർക്കുന്നു? വെന്തിങ്ങ ധരിക്കുന്നത് സ്വർഗത്തിലേക്കുള്ള കുറുക്കുവഴിയായാണ് കരുതപ്പെടുന്നത്.

## പൗലോസിന്റെ 'പരിഷ്കാരം'

യേശുവിനെ ദൈവവും ദൈവപുത്രനുമായി ക്രിസ്ത്യാനികൾ കണക്കാക്കാൻ തുടങ്ങിയത് എന്നു മുതലാണ്? കൃത്യമായി പറയാൻ സാധ്യമല്ലെങ്കിലും സാവുൾ എന്ന പൗലോസിന് അതിൽ ഒരു വലിയ പങ്കുണ്ടെന്നു മനസ്സിലാക്കാൻ കഴിയും. ക്രിസ്തുവിനുവേണ്ടി എന്തും സഹിക്കാൻ തയ്യാറായിരുന്ന നല്ലവനായ സ്റ്റീഫനെ കല്ലെറിഞ്ഞുകൊല്ലാൻ മുൻകൈയെടുത്ത, ക്രിസ്തുസന്ദേശത്തെ എല്ലാവിധത്തിലും അടിച്ചമർത്തുന്നതിന് പ്രതിജ്ഞാബദ്ധനായിരുന്ന സാവുൾ, ക്രിസ്ത്യാനിയായി അപ്പോസ്തല പദവിയിൽ അവരോധിതനായി പൗലോസ് എന്ന പേര് സ്വീകരിച്ചതിനുശേഷമാണ് യേശു ദൈവവും ദൈവപുത്രനുമായി പ്രചരിപ്പിക്കപ്പെട്ടതെന്നതിന് പൗലോസിന്റെ ലേഖനങ്ങളും അപ്പോസ്തല പ്രവൃത്തികൾ എന്ന ഗ്രന്ഥവും സാക്ഷ്യംവഹിക്കുന്നു. ക്രിസ്തുസന്ദേശത്തിന്റെ വളർച്ചയും ക്രിസ്തുമാർഗത്തിലേക്ക് കൂടുതൽ കൂടുതൽ ആളുകൾ കടന്നുവരുന്നതും കണ്ട് അതിലേക്ക് നുഴഞ്ഞുകയറി നേതൃത്വവും സ്വാധീനവും നേടി പതിയെ ഔന്നത്യത്തിൽ എത്തുകയായിരുന്നു പൗലോസ്. തന്റെ മുമ്പിൽ സ്വർഗത്തിൽനിന്ന് യേശു പ്രത്യക്ഷപ്പെട്ടു എന്ന കഥ അദ്ദേഹം പ്രചരിപ്പിച്ചു. ഏതൊരു പ്രധാന സംഭവവും സ്ഥിരീകരിക്കണമെങ്കിൽ വിശ്വസ്തരായ

രണ്ടു സാക്ഷികളുടെ മൊഴി അനിവാര്യമാണെന്നാണ് വഴക്കം. പക്ഷേ, ഇക്കാര്യത്തിൽ അത് പാലിക്കപ്പെട്ടില്ല. കരുത്തനായ സാവുളിനു മാനസിക പരിവർത്തനം വരുത്തുന്നതിനു വേണ്ടി സ്വർഗത്തിൽനിന്ന് യേശു പ്രത്യക്ഷപ്പെട്ടതായി സാവുൾ പറഞ്ഞ കഥ അപ്പോസ്തല പ്രവൃത്തികളിൽ വിശദമായി വിവരിച്ചിരിക്കുന്നു.

എല്ലാവരും ക്രിസ്തുവിനെ മിശിഹാ അഥവാ രക്ഷകൻ ആയി കണ്ടപ്പോൾ പൗലോസ് അദ്ദേഹത്തെ ദൈവവും ദൈവപുത്രനുമായി വാഴ്ത്തി. പണ്ഡിതനും വാഗ്മിയുമായിരുന്ന പൗലോസിന് തന്റെ പ്രസംഗങ്ങളും ലേഖനങ്ങളും വഴി പുതിയ സിദ്ധാന്തത്തിന് നല്ല പ്രചാരം കൊടുക്കാനും കഴിഞ്ഞു. പത്രോസ്, ബർണബാസ് മുതലായ പ്രമുഖരെ എതിർത്തു തോൽപിച്ച് ഒരു മൂലയിൽ ഒതുക്കിയതിന്റെ വിവരണം അപ്പോസ്തല പ്രവൃത്തികളിലും പൗലോസിന്റെ ലേഖനങ്ങളിലും കാണാം.

മതം പൗലോസിന്റെ കൈയിലൊതുങ്ങി. തന്റെ ഇഷ്ടമനുസരിച്ച് മതസിദ്ധാന്തങ്ങൾക്ക് വ്യാഖ്യാനം നൽകി സ്വന്തം വഴിക്കു തിരിച്ചുവിട്ടു. ക്രിസ്തുമതത്തെ അദ്ദേഹം റാഞ്ചിയെടുത്ത് തന്റേതായ വ്യാഖ്യാനങ്ങൾ കൊടുത്ത് സ്വന്തം ലക്ഷ്യസ്ഥാനത്തേക്ക് തിരിച്ചുവിട്ടു. എണ്ണമറ്റ പ്രസംഗങ്ങളും ലേഖനങ്ങളും വഴി ക്രിസ്തുമതത്തിന്റെ വക്താവും സൈദ്ധാന്തികനും ആയി പൗലോസ് ഉയർന്നു. സ്വന്തം സാമർഥ്യം പൗലോസിനെ അതിവേഗം പ്രശസ്തനാക്കി. യേശു പ്രത്യക്ഷപ്പെട്ടെന്ന കഥ ക്രൈസ്തവർക്കു സ്വീകാര്യമാവാനും താൻ അംഗീകരിക്കപ്പെടാനും ഒരു പ്രമുഖ ക്രിസ്ത്യാനിയുടെ സേവനം പൗലോസിന് ആവശ്യമായിരുന്നു. ആദരണീയനായ അനനിയാസ് എന്ന വ്യക്തി എല്ലാ സഹായ സഹകരണങ്ങളുമായി മുന്നിലെത്തിയതോടെ അതും ലഭ്യമായി. അങ്ങനെ കാര്യങ്ങളെല്ലാം പൗലോസിന്റെ വരുതിയിൽ.

യേശുവിന്റെ യഥാർഥ സന്ദേശത്തിൽ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ നശിപ്പിക്കുന്നതിന് ജറൂസലേമിലെ മഹാപുരോഹിതന്മാരിൽനിന്ന് അനുവാദപത്രവും ശിപാർശക്കത്തുകളുമായി ദമസ്കസിലേക്ക് പുറപ്പെട്ട സാവുൾ ജീവിതകാലം മുഴുവൻ പൗലോസ് അപ്പോസ്തലൻ എന്ന പേരിൽ പ്രവർത്തിച്ച് ആ മഹത് പ്രസ്ഥാനത്തെ ഇന്നത്തെ ക്രിസ്തുമതമായി പരിവർത്തിപ്പിച്ചു. ദൈവദാസനായ യേശുവിനെ ദൈവമാക്കിക്കൊണ്ടുള്ള ആധുനികക്രിസ്തുമതം യേശുവിന്റേതല്ല; പൗലോസിന്റേതാണ്.

ശിഷ്യൻമാർ ഒരിക്കൽ ലോകാവസാനത്തെപ്പറ്റി യേശുവിനോട് ചോദിച്ചു. ദൈവത്തിനല്ലാതെ മറ്റാർക്കും, സ്വർഗത്തിലെ മാലാഖമാർക്കോ മനുഷ്യപുത്രന്നോ പോലും ആ ദിവസമോ മണിക്കൂറോ അറിഞ്ഞുകൂടാ എന്നായിരുന്നു ഉത്തരം (മത്തായി 24:36, മാർക്കോസ് 13:32-33). ലോകം സൃഷ്ടിച്ച ദൈവമോ ലോകസൃഷ്ടിയിൽ പങ്കെടുത്ത ദൈവത്തിന്റെ പങ്കാളിയോ ആയിരുന്നെങ്കിൽ ലോകാവസാനത്തെപ്പറ്റി നിശ്ചയമായും അദ്ദേഹത്തിന് അറിവുണ്ടാകുമായിരുന്നു. യേശു ദൈവമല്ലെന്നുള്ളതിന് നല്ലൊരു തെളിവാണ് ആ മറുപടി. യേശുവിന്റെ പ്രസ്താവനയെ ശരിവെച്ചുകൊണ്ട്, ലോകാവസാനത്തെപ്പറ്റി ദൈവത്തിനല്ലാതെ മറ്റാർക്കും അറിയില്ലെന്നാണ് ഖുർആനും പറയുന്നത് (7:187).

പൗലോസ് അപ്പോസ്തലന്റെ സിദ്ധാന്തങ്ങൾ സുവിശേഷകന്മാരിലും നല്ല സ്വാധീനം ചെലുത്താനിടയായി. ഒരു ഉദാഹരണം: യേശുവിനെപ്പറ്റി ജനങ്ങൾക്കിടയിലുള്ള അഭിപ്രായം എന്തെന്നു മനസ്സിലാക്കാനായി യേശു ഒരിക്കൽ ശിഷ്യന്മാരോടു ചോദിക്കുന്നു: "മനുഷ്യപുത്രൻ ആരാണെന്നാണ് ജനങ്ങളുടെ അഭിപ്രായം?" അവർ പറഞ്ഞു: "ചിലർ പറയുന്നു സ്നാപക യോഹന്നാൻ എന്ന്. ചിലർ പറയുന്നു ഏലിയ എന്ന്. മറ്റു ചിലർ പറയുന്നു ജറേമിയ എന്ന്. വേറെ ചിലർ പറയുന്നു ഏതോ പ്രവാചകൻ എന്ന്." "എന്നാൽ നിങ്ങൾക്ക് എന്താണഭിപ്രായം? ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?" അവൻ ചോദിച്ചു. "നീ മിശിഹാ, സജീവ ദൈവത്തിന്റെ പുത്രൻ." ശീമോൻ പത്രോസ് ഉത്തരം പറഞ്ഞു (മത്തായി 16:13-16).

സജീവ ദൈവത്തിന്റെ പുത്രൻ എന്നത് പൗലോസിന്റെ ആശയമായിരുന്നു. മിശിഹാ എന്ന പദത്തിന് അങ്ങനെ ഒരർഥമില്ല. മിശിഹാ എന്നു മാത്രം പറഞ്ഞാൽ യേശുവിന് അതിന്റെ അർഥവും ആശയവും മനസ്സിലാകുമായിരുന്നു. തെറ്റായ ഒരർഥം ശിഷ്യർ ഗുരുവിനോടു പറയാനും ഗുരു അത് അംഗീകരിക്കാനും വഴിയില്ല.

യേശുവിന്റെ ജനനത്തെപ്പറ്റി സൂചന നൽകുന്ന നക്ഷത്രം കണ്ട് കിഴക്കുനിന്നു വന്ന ജ്ഞാനികൾ ജറൂസലേമിൽ ചെന്നുചോദിച്ചത് യൂദയായിൽ ജനിച്ച ദൈവപുത്രൻ എവിടെയാണ് എന്നല്ല. മറിച്ച്, യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ എവിടെയാണ് ജനിക്കുക എന്നായിരുന്നു. യൂദയായിലെ ബത്‌ലഹേമിൽ എന്ന് അവർ പറഞ്ഞത് മിക്കാ പ്രവാചകന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടായിരുന്നു. ആ പ്രവചനത്തിലും ദൈവപുത്രൻ എന്നല്ല സൂചന; ഇസ്രയേൽ ജനതയെ നയിക്കുന്ന നായകൻ എന്ന അർഥത്തിലാണ് (മത്തായി 2:1-6).

ഇസ്രയേൽക്കാർക്കു വേണ്ടി ദൈവം അയച്ച പ്രവാചകൻ എന്നാണ് യേശുവിനെപ്പറ്റിയുള്ള ഖുർആൻ വചനം (3:49). യേശു മുമ്പേ പറഞ്ഞതിന്റെ സ്ഥിരീകരണവും ആവർത്തനവുമാണ് ആ ഖുർആൻ വാക്യം. ഇസ്രയേൽക്കാർക്കിടയിലായിരുന്നു യേശുവിന്റെ പ്രവർത്തനം. ഒരിക്കൽ ഒരു കനാൻകാരി യേശുവിനോട് നിലവിളിച്ച് അപേക്ഷിച്ചു: “ദാവീദിന്റെ പുത്രാ, എന്നിൽ കരുണ തോന്നണമേ. എന്റെ മകളെ പിശാച് കഠിനമായി ബാധിച്ചിരിക്കുന്നു.” എന്നാൽ യേശു അവളോട് ഒരക്ഷരംപോലും പറഞ്ഞില്ല. കരഞ്ഞുകൊണ്ട് യേശുവിന്റെ പിന്നാലെ നടന്ന അവൾക്കുവേണ്ടി ശിഷ്യന്മാരും അപേക്ഷിച്ചുപറഞ്ഞു അവളെ സഹായിക്കണമേ എന്ന്. അപ്പോൾ യേശു പറഞ്ഞു: “ഇസ്രയേൽ ജനതക്കു വേണ്ടി മാത്രമാണ് എന്നെ അയച്ചിരിക്കുന്നത്.” അതുകേട്ട് അവൾ യേശുവിന്റെ കാൽക്കൽ വീണ് അപേക്ഷിച്ചു: “എന്നെ സഹായിക്കണമേ.” യേശു ഉത്തരം പറഞ്ഞു: “മക്കളുടെ ഭക്ഷണമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല.” അവൾ പറഞ്ഞു: “അതെ കർത്താവേ, പക്ഷേ, നായ്ക്കൾപോലും യജമാനന്റെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നാറുണ്ടല്ലോ.” അപ്പോൾ യേശു പറഞ്ഞു: “നിന്റെ വിശ്വാസം വലുതാണ്. നിന്റെ ആഗ്രഹംപോലെ നിനക്കു സാധിച്ചുകിട്ടും.” തൽക്ഷണം അവളുടെ മകൾ സുഖം പ്രാപിച്ചു (മത്തായി 15:22-28, മാർക്കോസ് 7:25-30).

ലൂക്കായുടെ സുവിശേഷം ഒന്നും രണ്ടും അധ്യായങ്ങളിൽ അടുത്തടുത്തായാണ് സ്നാപകയോഹന്നാന്റെയും യേശുവിന്റെയും ജനനത്തെപ്പറ്റി പ്രതിപാദിക്കുന്നത്. ഖുർആൻ 19-ാം അധ്യായത്തിലും അടുത്തടുത്തായിത്തന്നെ രണ്ടുപേരുടെയും ജനനത്തെപ്പറ്റി പ്രതിപാദിക്കുന്നു. അത്ഭുതകരമായ രീതിയിലായിരുന്നല്ലോ രണ്ടുപേരുടെയും ജനനം. ദൈവത്തിന്റെ പ്രത്യേക പ്രവർത്തനത്താലായിരുന്നു രണ്ടുപേരും ജനിക്കപ്പെട്ടത്. വൃദ്ധദമ്പതികളായ സക്കറിയാസിനും എലിസബത്തിനും ഉണ്ടായ മകൻ സ്നാപകയോഹന്നാൻ എന്നു ബൈബിളിലും യഹ്‌യ എന്നു ഖുർആനിലും അറിയപ്പെടുന്നു. ഖുർആനിൽ യേശുവിനെ ആദമിനോട് ഉപമിക്കുന്നു. ഇല്ലായ്മയിൽനിന്ന് ദൈവം കളിമണ്ണുകൊണ്ട് ആദം എന്ന മനുഷ്യനെ സൃഷ്ടിച്ചു; പിതാവില്ലാതെ യേശുവിനെയും. അത്ഭുത പ്രവർത്തനങ്ങൾ നടത്താൻ കഴിവു ലഭിച്ചിരുന്ന പ്രവാചകൻമാർ പലരും പലപ്പോഴായി ഈ ഭൂമിയിൽ ജനിച്ചിട്ടുണ്ട്. അവരിൽ ചിലരാണ് മോശെ, ഏലിയ, എലിഷ തുടങ്ങിയവർ. ജനനത്തിലെ പ്രത്യേകതകളും അത്ഭുതസിദ്ധികളും ആരെയും ദിവ്യത്വം കൽപിക്കാൻ അർഹമാക്കുന്നില്ലെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

## അന്ത്യ വിചാരണയിൽ യേശുവിന്റെ മൊഴി

ദൈവത്തിന് ഒരു പുത്രനുണ്ടെന്നോ ദൈവം മനുഷ്യനായി അവതരിക്കുമെന്നോ യഹൂദമതം അംഗീകരിച്ചിരുന്നില്ല. യേശുവും ആ മതതത്ത്വങ്ങൾ അംഗീകരിച്ചും അതിനു വിധേയനായും ആണ് ജീവിച്ചിരുന്നത്. ഒരാൾ ദൈവമാണെന്നോ ദൈവപുത്രനാണെന്നോ അവകാശപ്പെടുന്നത് ഏറ്റവും കടുത്ത ദൈവനിന്ദ ആയാണ് കണക്കാക്കിയിരുന്നത്. മരണ ശിക്ഷ കൊടുക്കാവുന്നത്ര വലുതായിരുന്നു ആ കുറ്റം. അത്ര കർക്കശമായ മതനിയമങ്ങളുള്ള ഒരു മതത്തിൽ ആ മത തത്ത്വങ്ങൾക്കെതിരായി ഒരു ദൈവപുത്രൻ ജനിക്കുക എന്നതു തന്നെ തികച്ചും അസംഭവ്യമായിരുന്നു. ഏതൊരു മതത്തിലായാലും ആ മതത്തിന്റെ കാതലായ സിദ്ധാന്തങ്ങൾക്കെതിരായി ഒരമാനുഷിക ജനനം ഉണ്ടാവാൻ സാധ്യതയില്ലല്ലോ.

അവസാന ദിവസം യഹൂദപുരോഹിതൻമാരുടെ പിടിയിൽപെട്ട യേശുവിനെ ചോദ്യംചെയ്യുന്നതിനായി അവരുടെ പരമോന്നത കൗൺസിൽ മുമ്പാകെ ഹാജരാക്കുന്നു. പല ആരോപണങ്ങളുടെയും കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട ആരോപണമായി അവർ ചോദിക്കുന്നു: “നീ ദൈവപുത്രനാണോ?” യേശുവിന്റെ മറുപടി: “ഞാൻ ദൈവപുത്രനാണെന്ന് നിങ്ങൾ പറയുന്നു” (ലൂക്കാ 22:70). അതായത്: ഞാൻ ദൈവപുത്രനാണെന്നു പറയുന്നത് നിങ്ങളാണ്; ഞാനല്ല. ഞാനതു പറയില്ല. കേവലം മനുഷ്യനായ ഒരാൾ ദൈവമാണെന്നവകാശപ്പെടണമെങ്കിൽ തീർച്ചയായും അയാൾക്കു ഭ്രാന്തുണ്ടായിരിക്കണം. ഞാനൊരു ഭ്രാന്തനല്ല. ദൈവമാണെന്നോ ദൈവപുത്രനാണെന്നോ പറഞ്ഞിട്ടില്ല. അതു നിങ്ങൾ വ്യാജമായി കെട്ടിച്ചമച്ച് എനിക്കെതിരായി ഉന്നയിക്കുന്ന ആരോപണമാണ്.

തനിക്കെതിരെ പുരോഹിതൻമാർ ഉന്നയിച്ച ദൈവമെന്ന ആരോപണം ക്രിസ്തു അംഗീകരിച്ചിരുന്നെങ്കിൽ പിന്നീട് സാക്ഷികളെ വിസ്തരിച്ച് മൊഴിയെടുക്കേണ്ട ആവശ്യം ഉണ്ടാകുമായിരുന്നില്ല. ആരോപണം തെളിയിക്കുന്നതിനായി പുരോഹിതൻമാർ കള്ളസാക്ഷികളെപ്പോലും ഹാജരാക്കി. എന്നിട്ടും ആരോപണം ശരിയാണെന്നു സ്ഥാപിക്കാൻ അവർക്കു കഴിഞ്ഞില്ല (മത്തായി 26:59- 60). അതുകൊണ്ടാണ് ക്രിസ്തുവിനെയും സാക്ഷികളെയും വിസ്തരിച്ച ശേഷം കുറ്റങ്ങളൊന്നും തെളിയിക്കപ്പെട്ടിട്ടില്ലെന്നും യേശുവിനെ വിട്ടയക്കാമെന്നും റോമാ ഗവർണറായ പിലാത്തോസ് പറഞ്ഞത്. ഹേറോദ് രാജാവിന്റെ വിസ്താരത്തിലും യേശു കുറ്റക്കാരനല്ലെന്നാണ് കണ്ടത് (ലൂക്കാ 23:14- 16). കുറ്റക്കാരനല്ലെന്നു കണ്ടിട്ടും യേശുവിനെ വധശിക്ഷക്കു വിട്ടുകൊടുത്തത് യഹൂദപുരോഹിതന്മാരുടെയും

അവർ സംഘടിപ്പിച്ച ജനക്കൂട്ടത്തിന്റെയും ആർത്തുവിളികൊണ്ടു മാത്ര മായിരുന്നു. ജീവിതകാലത്ത് യേശു അംഗീകരിക്കാതിരുന്നതും നിഷേ ധിച്ചതുമായ ആരോപണം കാലം കടന്നുപോയപ്പോൾ മിക്കവാറും എല്ലാ ക്രൈസ്തവ സഭകളും അംഗീകരിച്ചു. യേശു ദൈവവും ദൈവപുത്രനു മായി മാറി.

അന്തിമവിധിദിവസം എല്ലാ പ്രവാചകന്മാരെയും ദൈവസന്നിധിയിൽ വരുത്തി ഭൂമിയിലെ അവരുടെ പ്രവർത്തനങ്ങളെപ്പറ്റി ദൈവം കണക്കുചോ ദിക്കുന്ന ഒരു രംഗം ഖുർആനിൽ വിവരിച്ചിരിക്കുന്നു. പലകാലങ്ങളിലായി അനവധി പ്രവാചകന്മാർ ഈ ഭൂമിയിൽ ജനിക്കുകയും അവരുടേതായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ഒരേയൊരു പ്രവാ ചകനെ മാത്രമേ പേരെടുത്തു പറഞ്ഞു ദൈവം ചോദ്യംചെയ്യുന്നുള്ളൂ. യേശുവിനെ മാത്രം. ഭൂമിയിൽ ഇത്രയധികം ആരോപണവിധേയനായതും തെറ്റിദ്ധരിക്കപ്പെട്ടതുമായ മറ്റൊരു പ്രവാചകൻ ഉണ്ടായിട്ടില്ലെന്നുള്ളതിന്റെ വ്യക്തമായ തെളിവാണ് ആ വിചാരണ. സ്രഷ്ടാവിന്റെ സന്ദേശവുമായി വന്ന സൃഷ്ടി താൻ തന്നെയാണ് സ്രഷ്ടാവ് എന്നവകാശപ്പെട്ടാൽ അതിൽപ്പരം കടുത്ത വഞ്ചനയും ദൈവനിന്ദയും വേറെ ഉണ്ടാവാനില്ലല്ലോ. യേശുവും അമ്മയും സ്വപ്നത്തിൽപോലും അങ്ങനെ ചിന്തിക്കുകയോ പറ യുകയോ ചെയ്തിട്ടില്ലെങ്കിലും അമിതസ്നേഹംകൊണ്ട് അനുയായികൾ അവരുടെ തലയിൽ കെട്ടിവെച്ച ദിവ്യത്വബഹുമതികൊണ്ടുണ്ടായ വിന യേശുവിനെ പരമോന്നത കോടതിയിൽ ഉത്തരം ബോധിപ്പിക്കേണ്ടതിനായി വരുത്തി. അനുയായികളുടെ കണ്ണുതള്ളിക്കാൻ പോന്ന ക്രിസ്തുവിന്റെ വിചാരണയും മറുപടിയും ഖുർആനിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

“അല്ലാഹു ദൈവദൂതന്മാരെ സമ്മേളിപ്പിച്ച് ‘നിങ്ങൾക്കെന്ത് മറുപടി ലഭിച്ചു’വെന്ന് ചോദിക്കുന്ന ദിവസം. അവർ പറയും: ‘ഞങ്ങൾക്ക് യാതൊ രറിവുമില്ല. നീ മാത്രമാണല്ലോ ദൃശ്യാതീത കാര്യങ്ങളറിയുന്നവൻ.’

“അല്ലാഹു ചോദിക്കുന്ന സന്ദർഭം: ‘മർയമിന്റെ പുത്രൻ ഈസാ, നിനക്കും നിന്റെ മാതാവിനും ഞാൻ ചെയ്തുതന്ന അനുഗ്രഹം സ്മരി ക്കുക. അതായത് പരിശുദ്ധ സന്ദേശം കൊണ്ട് നിനക്ക് ഞാൻ കരബലം നൽകിയ സന്ദർഭം; തൊട്ടിലിൽവച്ചും യൗവനത്തിന്റെ പൂർണദശ പ്രാപിച്ച ഘട്ടത്തിലും നീ ജനങ്ങളോടു സംസാരിച്ചുകൊണ്ടിരുന്ന സന്ദർഭം; നിനക്കു ഞാൻ സന്ദേശവും തത്ത്വവും തൗറാത്തും ഇഞ്ചീലും പഠിപ്പിച്ച സന്ദർഭം; എന്റെ കൽപനപ്രകാരം കളിമണ്ണുകൊണ്ട് പക്ഷികളുടേതിന് തുല്യമായ രൂപമുണ്ടാക്കുകയും എന്നിട്ട് അതിലൂതുകയും അപ്പോൾ എന്റെ കൽപന

പ്രകാരം അതൊരു പക്ഷിയായിത്തീരുകയും ചെയ്ത സന്ദർഭം; എന്റെ കൽപനപ്രകാരം ജന്മാന്ധനെയും വെള്ളപ്പാണ്ടുകാരനെയും നീ സുഖപ്പെടുത്തിയ സന്ദർഭം; മരണമടഞ്ഞവരെ എന്റെ കൽപനപ്രകാരം മരണാവസ്ഥയിൽനിന്ന് നീ പുറത്തേക്ക് കൊണ്ടുവന്ന സന്ദർഭം; ഇത്തരം ദൃഷ്ടാന്തങ്ങളുമായി ഇസ്രാഈല്യരുടെ അടുക്കൽ ചെന്നപ്പോൾ നിന്നിൽനിന്നും അവരുടെ ഉപദ്രവം നാം തടഞ്ഞ സന്ദർഭം; ഇതൊരു വ്യക്തമായ കൺകെട്ടുവിദ്യ മാത്രമാണെന്നത് തികച്ചും സ്പഷ്ടമാണെന്ന് അവരിലുള്ള സത്യനിഷേധികൾ പറഞ്ഞ സന്ദർഭം; എന്നിലും നിന്റെ ദൂതനിലും വിശ്വസിക്കുകയെന്ന് ഹവാരികൾക്ക് ബോധനം നൽകിയ സന്ദർഭം; അവർ പറഞ്ഞു: ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അല്ലാഹുവിന് പരിപൂർണമായി കീഴ്പ്പെട്ട് ജീവിക്കുന്നവരാണെന്ന് അവിടുന്ന് സാക്ഷ്യംവഹിച്ചാലും.'

"ഹവാരികൾ പറഞ്ഞ സന്ദർഭം ഓർക്കുക: 'മർയമിന്റെ പുത്രൻ ഈസാ! ഞങ്ങൾക്ക് ആകാശത്തുനിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരാൻ നിന്റെ നാഥനു സാധിക്കുമോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെ സൂക്ഷിക്കുക; നിങ്ങൾ സത്യവിശ്വാസികളെങ്കിൽ.' അവർ പറഞ്ഞു: 'ഞങ്ങളതിൽനിന്നു തിന്നുക, ഞങ്ങൾക്കു മനഃസമാധാനം കൈവരുക, അവിടുന്ന് പറഞ്ഞത് സത്യമാണെന്ന് ഞങ്ങൾക്ക് ബോധ്യമാവുക, ആ ഭക്ഷണത്തളികക്ക് ഞങ്ങൾ ദൃക്സാക്ഷികളാവുക- ഇതുമാത്രമാണ് ഞങ്ങളുടെ ഉദ്ദേശ്യം.'

"മർയമിന്റെ പുത്രൻ ഈസാ പ്രാർഥിച്ചു: 'ഞങ്ങളുടെ നാഥനായ അല്ലാഹുവേ! ഞങ്ങൾക്ക് ആകാശത്തുനിന്നും ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ! ഞങ്ങളിൽ മുൻഗാമികൾക്കും പിൻഗാമികൾക്കും അതൊരു പെരുന്നാളും നിന്റെയടുക്കൽനിന്നുള്ള ഒരു ദൃഷ്ടാന്തവുമായി നിലനിർത്തണമേ! ഞങ്ങളെ നീ ആഹരിപ്പിക്കേണമേ! നന്നായി ആഹാരം നൽകുന്നവനാണല്ലോ നീ.' അല്ലാഹു അരുളി: 'ഞാനത് നിങ്ങൾക്ക് ഇറക്കിത്തരാം. പിന്നെയും വല്ലവനും സത്യം നിഷേധിക്കുന്ന പക്ഷം ഞാനവനെ കഠിനമായി ശിക്ഷിക്കും; മനുഷ്യരിലാർക്കും നൽകാത്തവിധമുള്ള ശിക്ഷ.'

"അല്ലാഹു ചോദിക്കുന്ന സന്ദർഭം: 'മർയമിന്റെ പുത്രൻ ഈസാ! അല്ലാഹുവിനെ വിട്ട് എന്നെയും എന്റെ മാതാവിനെയും ദൈവങ്ങളാക്കിവെക്കുക എന്ന് നീയാണോ ജനങ്ങളെ ഉപദേശിച്ചത്?' അദ്ദേഹം പറയും: 'നീ എത്ര പരിശുദ്ധൻ? എനിക്കവകാശമില്ലാത്തത് ഞാൻ പറയാൻ മാർഗമില്ലല്ലോ. ഞാനതുപദേശിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും നീ അറിയും. എന്റെ ഹൃദയത്തിലുള്ളത് നീ അറിയുന്നു; നിന്നിലുള്ളത് ഞാനറിയുകയില്ല. ദൃശ്യാ

തീത കാര്യങ്ങളെല്ലാം അറിയുന്നവൻ നീയാണല്ലോ.'

"നീ എന്നോടു കൽപിച്ചതല്ലാതെ യാതൊന്നും ഞാനവരെ ഉപദേശിച്ചിട്ടില്ല. അതായത്: എന്റെയും നിങ്ങളുടെയും നാഥനായ അല്ലാഹുവെ വണങ്ങുക. അവർക്കിടയിൽ ഞാനുണ്ടായിരുന്ന കാലത്തോളം ഞാനവരുടെ സ്ഥിതിഗതികളെല്ലാം വീക്ഷിച്ചുകൊണ്ടിരുന്നു. പിന്നീട് നീ എന്നെ തിരിച്ചുവിളിച്ചപ്പോൾ നീ തന്നെയാണല്ലോ അവരെ നിരീക്ഷിച്ചുകൊണ്ടിരുന്നത്. സർവകാര്യങ്ങളുടെയും സാക്ഷിയാണ് നീ. അവരെ നീ ശിക്ഷിക്കുന്നപക്ഷം അവർ നിന്റെ ദാസന്മാരാണല്ലോ. അവർക്കു നീ പൊറുത്തുകൊടുക്കുന്നെങ്കിലോ നീ അജയ്യനാണ്. വിവേകജ്ഞനാണ്.'

"അല്ലാഹു പറയും: സത്യസന്ധർക്ക് അവരുടെ സത്യസന്ധത പ്രയോജനപ്പെടുന്ന ദിവസമാണിത്. താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകിക്കൊണ്ടിരിക്കുന്ന ചില തോട്ടങ്ങൾ അവർക്കുണ്ട്. അതിലാണവരുടെ നിത്യവാസം. അല്ലാഹു അവരെക്കുറിച്ച് തൃപ്തിപ്പെട്ടിരിക്കുന്നു; അവർ അല്ലാഹുവിനെക്കുറിച്ചും. അതത്രെ മഹത്തായ വിജയം. ആകാശഭൂമികളുടെ ആധിപത്യം അല്ലാഹുവിനാണ്; അവയിലുള്ള സർവവസ്തുക്കളുടെയും. അവൻ എല്ലാറ്റിനും കഴിവുറ്റവനാണ്"(ഖുർആൻ 5:109-120). യേശുവിന്റെ മറുപടിയിൽ സംപ്രീതനായ ദൈവം യേശുവിനെ കുറ്റവിമുക്തനാക്കുന്നു. യേശു ദൈവദോഷം പറഞ്ഞിട്ടില്ലെന്നും ആരോപണം യഹൂദന്മാർ വ്യാജമായി ഉന്നയിച്ചതാണെന്നുമാണ് അതിനെപ്പറ്റി ഖുർ ആൻ പറയുന്നത് (3:55).

ക്രിസ്തു ദൈവമാണെന്നു വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്തവരെ ദൈവസന്നിധിയിൽ അദ്ദേഹംതന്നെ തള്ളിപ്പറയുമ്പോൾ എന്തായിരിക്കും സ്ഥിതി? മനുഷ്യനായ ക്രിസ്തുവിനെ അന്ധമായ ആരാധനകൊണ്ട് ദൈവമാക്കിയവരെ നോക്കി അന്ന് യേശു പറയാനിരിക്കുന്ന വാക്കുകൾ സുവിശേഷകനായ മത്തായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവരെല്ലാവരുമല്ല; സ്വർഗസ്ഥനായ ദൈവത്തിന്റെ തിരുവിഷ്ടം നിറവേറ്റുന്നവരത്രേ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക. 'കർത്താവേ, കർത്താവേ ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരല്ലേ' എന്ന് വിധിദിവസം വരുമ്പോൾ പലരും എന്നോടു ചോദിക്കും. അപ്പോൾ 'ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടുപോലുമില്ല; അധർമികളേ, എന്നിൽനിന്ന് അകന്നുപോകുവിൻ' എന്നു

ഞാൻ അവരോടു പ്രഖ്യാപിക്കും" (മത്തായി 7:21-23).

മനുഷ്യരെ വഴിതെറ്റിക്കുന്ന 'അത്ഭുതപ്രവർത്തകരും രോഗശാന്തി ശുശ്രൂഷകരും' നാടുനീളെ പെരുകുമെന്ന് രണ്ടായിരത്തോളം കൊല്ല ങ്ങൾക്കു മുമ്പുതന്നെ എത്ര കൃത്യമായി യേശു പ്രവചിച്ചു!

യേശുവിനെ ഒരു അന്യമതക്കാരനായല്ല ഇസ്‌ലാം കാണുന്നത്. ആ മതത്തിലെ പ്രമുഖ പ്രവാചകരിൽ ഒരാളായിട്ടാണ്. സ്വയം ഒരു പ്രവാചക നായിത്തന്നെയാണ് ക്രിസ്തു കണക്കാക്കിയിരുന്നതും. അതുകൊണ്ടാണ് സ്വന്തം പട്ടണമായ നസ്രേത്തിൽ തന്റെ പ്രബോധനങ്ങൾ സ്വീകരിക്കപ്പെ ടുന്നില്ലെന്നു കണ്ടപ്പോൾ യേശു പറഞ്ഞത്: "ഒരു പ്രവാചകനും സ്വദേ ശത്തും സ്വഗൃഹത്തിലും ബഹുമാനിക്കപ്പെടുന്നില്ല" (മത്തായി 13:57). യേശുവിന്റെ സവിശേഷജനനവും അത്ഭുതപ്രവൃത്തികളും അംഗീകരി ക്കുന്ന ഖുർആൻ കുരിശുമരണത്തിന്റെ കാര്യത്തിൽ ബൈബിളുമായി വിയോജിക്കുന്നു. യേശുവിനെ കൊന്നു എന്ന് യഹൂദർ പൊങ്ങച്ചം പറഞ്ഞു എന്നും കുരിശിൽ തറക്കപ്പെടുന്നതിനു മുമ്പ് ഉയർത്തപ്പെട്ടു എന്നുമാണ് ഖുർആൻ വിവരണം (3:55-58, 4:157-159). ഒരേ മതത്തിന്റെ തുടർച്ച എന്ന നിലയിലാണ് യേശുവിനെയും ശിഷ്യന്മാരെയും ഇസ്‌ലാംമതത്തിൽ പെട്ടവരായി കണക്കാക്കുന്നതും അവരെ മുസ്‌ലിംകൾ എന്നു വിളിക്കുന്നതും (5:111). 'ഇസ്‌ലാം' എന്ന വാക്കിന് ദൈവത്തിന്റെ ഇഷ്ടത്തിനു വഴങ്ങുക എന്നും 'മുസ്‌ലിം' എന്നാൽ ദൈവത്തിന് വിധേ യനായി ജീവിക്കുന്നവൻ എന്നുമാണ് അർഥം. അങ്ങനെ നോക്കുമ്പോൾ യേശുവും ശിഷ്യന്മാരും ഒന്നാംതരം മുസ്‌ലിംകൾ തന്നെ.

യൂദയായിൽ ജനിച്ചവൻ യൂദൻ (യഹൂദൻ). അവരുടെ മതം യഹൂദ മതം. ക്രിസ്തുവിന്റെ പേരിലുള്ളത് ക്രിസ്തുമതം. എന്നാൽ ഏതെങ്കിലും വ്യക്തിയുടെ പേരിലല്ലാതെ ദൈവത്തിന്റെ പേരിലുള്ളതാണ് ഇസ്‌ലാംമതം. പല ഭാഷകളിൽ പല പേരുകളിൽ ആണല്ലോ ദൈവം അറിയപ്പെടുന്നത്. മലയാളികളായ നമുക്ക് ദൈവവും ഈശ്വരനും സുപരിചിതം. ഹീബ്രു ഭാഷ സംസാരിച്ച യഹൂദർക്ക് യഹോവയാണ് ദൈവം. അറബിഭാഷ ക്കാർക്ക് അല്ലാഹുവും. ഭാഷ എന്തായാലും സങ്കൽപം ഒന്നുതന്നെ.

ക്രിസ്തുമതവുമായി തട്ടിച്ചുനോക്കുമ്പോൾ സങ്കീർണതകളും നൂലാ മാലകളും ഇല്ലാതെ വ്യക്തമായും ലളിതമായും ദൈവികകാര്യങ്ങൾ പറ യുന്ന മതമാണ് ഇസ്‌ലാം. നിഗൂഢതകളും ദുരൂഹതകളും, ആർക്കും മന സ്സിലാവാത്ത 'മഹാരഹസ്യ'ങ്ങളും ഇസ്‌ലാമിൽ ഒളിച്ചുവെച്ചിട്ടില്ല. മനു ഷ്യനെ ദൈവമോ ദൈവത്തെ മനുഷ്യനോ ആക്കുന്ന തലതിരിഞ്ഞ

സമ്പ്രദായവും അതിലില്ല. മനുഷ്യനെ മനുഷ്യനായും ദൈവത്തെ ദൈവമായും തികഞ്ഞ യാഥാർഥ്യബോധത്തോടെ ഇസ്‌ലാം കാണുന്നു. ആ തിരിച്ചറിവ് എല്ലാ മനുഷ്യർക്കും ഉണ്ടായെങ്കിൽ ലോകം എത്ര വ്യത്യസ്തമാകുമായിരുന്നു!

ചരിത്രത്തിലെ കുരിശുയുദ്ധ കാലത്ത് പുണ്യഭൂമിയായ ജറൂസലേമിനുവേണ്ടി ക്രിസ്ത്യാനികളും മുസ്‌ലിംകളും പോരാടി പരസ്പരം വെട്ടി മരിച്ചപ്പോൾ ക്രിസ്തു ആരെന്നുള്ള ഖുർആനിലെ പ്രസ്താവന ആരോർത്തു! നൂറ്റാണ്ടുകൾ നീണ്ടുനിന്ന ആ പോരാട്ടമായിരിക്കണം ക്രിസ്ത്യാനികളെയും മുസ്‌ലിംകളെയും പിന്നീട് ലോകത്തിന്റെ പല ഭാഗങ്ങളിലും നിതാന്ത വൈരികളും ജന്മശത്രുക്കളും ആക്കിമാറ്റിയത്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും നൂലാമാലകൾ കൊണ്ടു സങ്കീർണമായതും സമ്പത്തിന്റെയും സ്വാധീനത്തിന്റെയും ബാഹ്യമായ അധികാര ശക്തിയല്ലാതെ യഥാർഥ മതത്തിന്റെ ആന്തരികചൈതന്യം നശിച്ച പൗരോഹിത്യത്തിന്റെ തേർവാഴ്ചയും ഈ രണ്ടു മതവിഭാഗങ്ങളെയും പരസ്പരം അകറ്റുന്നതിന് കാരണമായിരിക്കാം. പരസ്പരം അറിയാനും മനസ്സിലാക്കാനും തടസ്സംനിൽക്കുന്ന ഈ അകൽച്ചയുടെ അതിർവരമ്പുകൾ ഇല്ലാതാക്കാനാണ് സുമനസ്സുകളൊക്കെയും ശ്രമിക്കേണ്ടത്.

◆